## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 211.   13.09.2007 -ൽ മറുപടിക്ക്**

### വൈകല്യമുള്ള കുട്ടികൾക്കായി കുടുംബശ്രീ സ്കൂളുകൾ

**ചോദ്യം**

ശ്രീ. വി.ശശികുമാർ
പ്രൊഫ.സി.രവീന്ദ്രനാഥ്
ശ്രീ. കെ.കുഞ്ഞിരാമൻ
ശ്രീമതി. കെ.കെ. ലതിക
ശ്രീ. പി.ടി.എ. റഹീം

**ഉത്തരം**

ഡോ.റ്റി.എം.തോമസ് ഐസക്ക്
ധനകാര്യ വകുപ്പ് മന്ത്രി

(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രിക്കുവേണ്ടി)

എ) വൈകല്യമുള്ള കുട്ടികൾക്കായി (എ) പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ സ്കൂളുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

എ) ശാരീരികവും മാനസികവുമായ വെല്ലുവിളികളും വളർച്ചാ സംബന്ധമായ വെല്ലുവിളികളും (സെറിബ്രൽ പാൾസി, ഓട്ടിസം മുതലായവ) നേരിടുന്ന കുട്ടികൾക്കായി കുടുംബശ്രീയുടെ മാർഗ്ഗനിർദ്ദേശത്തിൽ 7 ഗ്രാമ പഞ്ചായത്തുകളിൽ ബഡ്സ് സ്കൂളുകൾ എന്ന പേരിൽ പ്രത്യേക സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടുതൽ ഗ്രാമ പഞ്ചായത്തുകൾ ഇതിനായി താല്പര്യത്തോടെ മുന്നോട്ടു വരികയാണെങ്കിൽ കുടുംബശ്രീ ഇതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും സഹായവും നൽകുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രത്യേക സ്കൂളുകൾ ആരംഭിക്കേണ്ടത്. ഇതിനായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു ഭരണസമിതി ഉണ്ടായിരിക്കേണ്ടതും, സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യങ്ങൾ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പ്രസ്തുത ഭരണ സമിതിക്ക് കൈമാറേണ്ടതും ഭരണ സമിതി പ്രസ്തുത തുക സ്കൂളിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതുമാണ്.

| | | | |
|---|---|---|---|
| ) | സ്കൂളുകളിൽ പ്രത്യേക പരിശീലനം സിദ്ധിച്ചവരെ മാത്രം നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | പ്രത്യേക പരിശീലനം സിദ്ധിച്ചവരെ മാത്രം സ്പെഷ്യൽ സ്കൂളുകളിൽ നിയമിക്കുന്ന കാര്യം പരിഗണനയിലാണ് നിലവിലുള്ള അദ്ധ്യാപികമാർക്ക് മതിയായ പരിശീലനം ലഭിച്ചിട്ടില്ലെങ്കിൽ പരിശീലനം നൽകുന്ന കാര്യ-വും പരിഗണനയിലാണ്. |
| ) | ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ഇവിടെ പ്രയോജനപ്പെടുത്തുമോ; | (സി) | ബഡ്സ് സ്കൂളിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| ) | കുട്ടികൾക്ക് മെഡിക്കൽ പരിശോധന നടത്തുന്നതിന് സൗകര്യം ഏർപ്പെടുത്തുമോ? | (ഡി) | അതതു പ്രദേശത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്ക് മെഡിക്കൽ പരിശോധന നടത്തിവരുന്നു |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212 — 13/9/2007-ൽ മറുപടിയ്ക്ക്

### കാൻസർ രോഗങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | | |
| --- | --- | --- |
| (എ) | സംസ്ഥാനത്ത് കാൻസർ ബാധ വർദ്ധിച്ചുവരുന്നുണ്ടോ; ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; | ഉണ്ട്. ജനസംഖ്യാവർദ്ധനവിന് അനുസരിച്ച് കാൻസർ രോഗികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ജില്ല തിരിച്ച് കണക്കെടുത്തിട്ടില്ല. |
| (ബി) | പ്രസ്തുത രോഗം വരുവാനുള്ള കാരണങ്ങളെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനങ്ങൾ ഇവിടെ നടക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ; | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓങ്കോളജി വിഭാഗം, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, മലബാർ കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സർക്കാർ സ്ഥാപനങ്ങളിലും, അമല കാൻസർ സെന്റർ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളിലും പഠനങ്ങൾ നടന്നുവരുന്നു. |
| (സി) | നിലവിൽ സംസ്ഥാനത്ത് ഏതൊക്കെ തരത്തിലുള്ള ചികിത്സാവിധികളാണ് കാൻസറിനെതിരെ അലോപ്പതി, ആയുർവേദം, ഹോമിയോ, സിദ്ധ തുടങ്ങിയ സമ്പ്രദായങ്ങളിലുള്ളത്; | അലോപ്പതിയിൽ കാൻസർ രോഗത്തിനുള്ള ചികിത്സ റേഡിയോ തെറാപ്പി, കീമോതെറാപ്പി, സർജറി എന്നീ രീതികളിലൂടെയാണ്. ആയുർവേദത്തിലും സിദ്ധയിലും ഹോമിയോപ്പതിയിലും കാൻസർ രോഗശമനത്തിനായി ആന്തരികമായി ഔഷധങ്ങൾ നൽകിക്കൊണ്ടുള്ള ശാസ്ത്രീയമായ ചികിത്സാരീതിയാണുള്ളത്. |
| (ഡി) | ഈ അസുഖത്തിനുള്ള ചികിത്സാ സംവിധാനങ്ങൾ എല്ലാ താലൂക്കടിസ്ഥാനത്തിലും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | എല്ലാ താലൂക്കാശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും കാൻസർ രോഗനിർണ്ണയത്തിനുള്ള ക്യാമ്പുകൾ നടത്തിവരുന്നു. ചില താലൂക്ക് ആശുപത്രികളിൽ രോഗനിർണ്ണയത്തിനും ജില്ലാതല ആശുപത്രികളിൽ സർജിക്കൽ റിമൂവർ, ഫോളോ അപ്പ് കീമോതെറാപ്പി, പെയിൻ ആന്റ് പാലിയേറ്റിവ് കെയർ എന്നിവയ്ക്കുമുള്ള സൗകര്യം ലഭ്യമാണ്. |

| | | |
|---|---|---|
| (ഇ) | കാൻസറിന് പ്രത്യൗഷധം കണ്ടെത്തുവാൻ എല്ലാ ചികിത്സാ ശാഖകൾക്കും മതിയായ പരിഗണനയും പ്രോത്സാഹനവും നൽകുമോ? | കാൻസറിന് പ്രത്യൗഷധം കണ്ടെത്തുവാൻ എല്ലാ ചികിത്സാശാലകൾക്കും മതിയായ പരിഗണനയും പ്രോത്സാഹനവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.213 — 13.09.2007-ലെ മറുപടിയ്ക്ക്.

### തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

ശ്രീ.എം.കെ.പ്രേംനാഥ്

**ഉത്തരം**

ഡോ.റ്റി.എം.തോമസ് ഐസക്ക്

ധനകാര്യ വകുപ്പ് മന്ത്രി

(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രിക്ക് വേണ്ടി )

(എ) വിവിധ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പര്യാപ്തമാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് നിലവിലുള്ളത് ;

(എ) വിവിധ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പര്യാപ്തമാക്കുന്നതിന് താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഓരോ മേഖലയിലും അനുഭവവും വൈദഗ്ദ്ധ്യവുമുള്ള ഉദ്യോഗസ്ഥൻമാർ, ഗുണഭോക്താക്കൾ, വിദഗ്ദർ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ വർക്കിംഗ് ഗ്രൂപ്പുകൾ ജനങ്ങളുമായി ചർച്ച ചെയ്യുകയും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുകയും കഴിഞ്ഞ പത്തു വർഷത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട സഹായവും ഉപദേശവും നൽകുന്നു.

(2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയയിൽ സഹായിക്കാൻ ജില്ലാ പ്ലാനിംഗ് കമ്മിറ്റികൾ താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(i) ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ നേതൃ

ത്വത്തിൽ ഒരു പ്ലാൻ പ്രിപ്പറേഷൻ സപ്പോർട്ട് ഗ്രൂപ്പ് പ്രവർത്തിക്കുന്നുണ്ട്.

(ii) ഓരോ മേഖലയ്ക്കും 7 പേരടങ്ങുന്ന റിസോഴ്സ് ടീം പ്രവർത്തിക്കുന്നതാണ്

(iii) സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ പ്രൊഫഷണൽ സ്ഥാപനങ്ങളുടേയും ഗവേഷണ സ്ഥാപനങ്ങളുടേയും സഹായം ജില്ലാ ആസൂത്രണ സമിതിക്ക് ലഭ്യമായിരിക്കും.

(3) (i) 'കില' ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥൻമാർക്കും, ഡി.പി.സി. അംഗങ്ങൾക്കും, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കും വിശദമായ ട്രെയിനിംഗ് നൽകുന്നു.

(ii) വികസന റിപ്പോർട്ട് തയ്യാറാക്കാനും ജില്ലാ പ്ലാൻ തയ്യാറാക്കുന്നതിനുമുള്ള കൈപ്പുസ്തകങ്ങൾ നൽകുന്നു, കൂടാതെ വിവിധ വികസന മേഖലയിൽ സഹായിക്കുന്നതിനുള്ള കൈപ്പുസ്തകങ്ങളും 'കില' നൽകുന്നു.

(iii) പദ്ധതികളെ കമ്പ്യൂട്ടറൈസ് ചെയ്യുകയും പദ്ധതി പരിശോധനയ്ക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(iv) ഈ സംവിധാനങ്ങൾക്കു പുറമേ ബ്ലോക്ക്, മുൻസിപ്പാലിറ്റി, ജില്ലാതലത്തിലും ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ ബ്ലോക്ക്, മുൻസിപ്പാലിറ്റി ജില്ലാ തലങ്ങളിൽ കോർഡിനേറ്റർമാരുടെ സേവനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) പതിനൊന്നാം പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(ബി) പതിനൊന്നാം പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(1) വർദ്ധിച്ച ജനപങ്കാളിത്തത്തോടെയും, പ്രൊഫഷണലുകളുടെ സഹകരണത്തോടെയും ആണ് പദ്ധതി നടപ്പാ

ക്കുന്നത്.

(2) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് ഊന്നൽ നൽകുന്നതിന് നീർത്തടാധിഷ്ഠിത ആസൂത്രണത്തിനും തദനുസൃതമായ പദ്ധതികളുടെ നടത്തിപ്പിനും മുൻഗണന നൽകുന്നു.

(3) മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചിത്വത്തിനും മുന്തിയ പരിഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

(4) സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതാണ്.

(5) ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ബന്ധിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കേന്ദ്ര ശൃംഖല തയ്യാറാക്കുന്നതാണ്.

(6) പദ്ധതി അവലോകനം, വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി നടപ്പിലാക്കുന്നതിനു വേണ്ടി ഫോറങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ ജില്ലാആസൂത്രണ സമിതി സ്ഥലപരമായ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് എല്ലാ പദ്ധതികളും സംയോജിപ്പിച്ച് ഒരു ജില്ലാപദ്ധതിക്ക് രൂപം നൽകുകയും ചെയ്യുന്നു.

സി) ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം എന്നീ പ്രവർത്തനങ്ങൾക്കായി നടപ്പു വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നീക്കി വച്ചിട്ടുള്ള തുകയുടേയും പദ്ധതികളുടേയും വിശദാംശം വ്യക്തമാക്കുമോ?

സി) ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം എന്നീ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു നിശ്ചിത ശതമാനം തുക നീക്കി വയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. എന്നാൽ ശുചിത്വ പരിപാലനം ഗ്രാമ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും അനിവാര്യ ചുമതലയായതിനാൽ ഒരു സമ്പൂർണ്ണ ശുചിത്വ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇതിനു തനതു ഫണ്ടിനു പുറമേ പ്ലാൻ ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള ധനസഹായവും ഉപയോഗിക്കാവുന്നതാണ്. മാലിന്യ സംസ്കരണ സംവിധാനത്തിന് പ്ലാൻ ഫണ്ടിൽ വരുത്തുന്ന തുകയിരുത്തൽ മേഖലാ വിഭജനത്തിൽപ്പെടുത്തേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ജെ.എൻ. എൻ..യു. ആർ എം.പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി, കോർപ്പറേഷനുകൾക്ക് 88 കോടി രൂപയും ,ചെറുകിട ഇടത്തരം നഗരങ്ങളുടെ അടിസ്ഥാന വികസന പദ്ധതിയ്ക്കായി നഗരസഭകൾക്ക് ലഭ്യമായ കേന്ദ്രസഹായം 20 കോടി രൂപ, ക്ലീൻ കേരള മിഷൻ വഴി ലഭ്യമാക്കുന്ന സഹായം 2.2 കോടി കേരളാ സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷൻ വഴി ലഭിക്കുന്ന സാമ്പത്തിക സഹായം 1.98 കോടി രൂപ മുതലായവയാണ്. മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തിക സ്രോതസ്സുകൾ.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-214** | **13-09-2007-ൽ മറുപടി നൽകേണ്ടത്**

### കെട്ടിട നികുതി നിർണ്ണയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. കെ.എം.മാണി<br>പ്രൊഫ.എൻ.ജയരാജ് | ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി)<br>തദ്ദേശസ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രിയ്ക്കുവേണ്ടി |
| (എ) പ്ലിന്ത് ഏര്യാ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതിന് പഞ്ചായത്ത്, മുനിസിപ്പൽ നിയമങ്ങളിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) 1999-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 203 വകുപ്പ് പ്രകാരവും 1999-ലെ കേരള മുനിസിപ്പൽ നിയമഭേദഗതികൾ 234-ാം വകുപ്പു പ്രകാരവും പ്ലിന്ത് ഏരിയാ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്കു നികുതി ചുമത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) പ്ലിന്ത് ഏര്യാ അടിസ്ഥാനത്തിൽ അധിക നികുതി ചുമത്തുന്നതിന് എ.ഡി.ബി കരാറിന്റെ ഭാഗമായിട്ടാണോ; | (ബി) അല്ല |
| (സി) പ്ലിന്ത് ഏര്യാ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നതിനെതിരെ എല്ലാ രാഷ്ട്രീയ കക്ഷികളും കെട്ടിട ഉടമസ്ഥരും ആക്ഷേപം ഉന്നയിച്ച സ്ഥിതിക്ക് ഇത് സംബന്ധിച്ച് ഒരു സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) സെൻ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് ബന്ധപ്പെട്ട ആക്ടുകളിൽ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നികുതി പരിഷ്കരിച്ചത്. |

— — — — — — —

(ഡി) നിലവിലുള്ള നിയമവും കീഴ്വഴക്കവുമനുസരിച്ച് ഒരു നിശ്ചിതശതമാനം വർദ്ധന വരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക നികുതി ചുമത്താമെന്നിരിക്കെ പൊതുജനങ്ങൾക്ക് കൂടുതൽ നികുതി ഭാരം ചുമത്തുന്ന ഉദ്യമത്തിൽ നിന്ന് പിന്മാറുമോ?

(ഡി) 1999-ലെ നിയമഭേദഗതിയുടെ പഴയ നികുതി നിർണ്ണയ സമ്പ്രദായം അസാധുവായി. അതിനാൽ ഒരു നിശ്ചിതശതമാനം വർദ്ധനവു വരുത്താൻ കഴിയുകയില്ല. വിവിധ രാഷ്ട്രീയ പാർട്ടികളിലെ അംഗങ്ങൾ ഉൾപ്പെട്ട ഗ്രാമപഞ്ചായത്ത് അസ്സോസ്സിയേഷനുമായിട്ടും മുനിസിപ്പൽ ചെയർമാൻ ചേമ്പറുമായിട്ടും, കേരളത്തിലെ എല്ലാ മേയർമാരുമായിട്ടും രണ്ടു തവണ വിശദമായ ചർച്ച നടത്തി ഏക അഭിപ്രായത്തോടെയാണ് ഈ നികുതിപരിഷ്കാര നിർദ്ദേശങ്ങൾക്ക് രൂപം നൽകിയത്. മാത്രവുമല്ല ഇങ്ങനെയൊരു നികുതി പരിഷ്കാര രീതി കേരള പഞ്ചായത്ത്രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും 1999-ൽ ഉൾക്കൊള്ളിച്ചത് നിയമസഭയുടെ ഐക്യകണ്ഠേനയുള്ള തീരുമാന പ്രകാരമാണ്. ഈ കാരണങ്ങളാൽ ഈ നടപടി പുനഃപരിശോധിക്കേണ്ടതില്ലെന്ന് കരുതുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 215 13/9/2007-ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രികളിലേയ്ക്ക് മരുന്നു വാങ്ങുന്നതിനായി കോർപ്പറേഷൻ രൂപീകരിക്കുന്ന നടപടി

ചോദ്യം

ശ്രീ. വി. സുരേന്ദ്രൻ പിള്ള
ശ്രീ. മോൻസ് ജോസഫ്

ഉത്തരം

ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിന് കോർപ്പറേഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | 4/5/2007-ലെ (എം.എസ്) 103/2007/ആകുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം "കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്" തുടങ്ങുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കമ്പനി ആക്ട് പ്രകാരമുള്ള സംവിധാനങ്ങൾ ഒരുക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. മേൽപറഞ്ഞ കോർപ്പറേഷൻ രൂപീകരിക്കുന്നതിനായി 16/5/2007-ലെ (ആർ.ടി) 3937/2007/ജി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഡോ. ദിനേഷ് അറോറ ഐ.എ.എസ്നെ സ്പെഷ്യൽ ഓഫീസർ ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; | |
| (സി) | കോർപ്പറേഷൻ രൂപീകരണം സംബന്ധിച്ച് പഠനം നടത്തിയോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് കണ്ടതിനാലാണ് മേൽപറഞ്ഞ കോർപ്പറേഷൻ രൂപീകരിക്കാൻ തീരുമാനിച്ചത്. കമ്പനി രൂപീകരണം സംബന്ധിച്ച വിശദപഠനം സ്പെഷ്യൽ ഓഫീസർ നടത്തിയിട്ടുണ്ട്. കമ്പനി ഔദ്യോഗികമായി രൂപീകരിക്കുന്നതിന് മുന്നോടിയായി പശ്ചാത്തലസൗകര്യങ്ങളെക്കുറിച്ചുള്ള സർവ്വേകളും, ചർച്ചകളും പൂർത്തീകരിച്ച് അതിന്റെ നിർദ്ദേശം വിശദമായി പരിശോധിച്ചുവരുന്നു. |
| (ഡി) | സെൻട്രൽ പർച്ചേസ് കമ്മിറ്റികൾ നിലവിലുണ്ടോ; | നിലവിലുണ്ട്. |

| | | |
|---|---|---|
| (ഇ) | കമ്മിറ്റിയുടെ കരാറുകൾ പ്രകാരമുള്ള മരുന്നു വിതരണം കമ്പനികൾ നിർത്തിവച്ചതിനാൽ അവശ്യ മരുന്നുകൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ചില കമ്പനികൾ മരുന്ന് തരാൻ തയ്യാറാകാത്തതിനാൽ മരുന്നുകൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അടിയന്തിരമായി മരുന്നു വാങ്ങുന്നതിനുള്ള സംവിധാനത്തിന് രൂപം കൊടുത്തിട്ടുണ്ട്. |
| (എഫ്) | ഇത് പരിഹരിക്കുന്നതിനായി കോർപ്പറേഷൻ രൂപീകരണ നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | കോർപ്പറേഷൻ രൂപീകരണ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട — 13.9.2007-ൽ മറുപടിക്ക്

ചോദ്യം നമ്പർ. *T 216.

**ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി<br>ശ്രീ. യു. സി. രാമൻ<br>ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷ ലക്ഷ്യമിട്ട് ,കേന്ദ്ര സർക്കാർ ആവിഷ്ക്കരിക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാമിഷനിൽ നിന്ന് കേരളം ഒഴിവാക്കപ്പെട്ട സാഹചര്യം വിശദീകരിക്കുമോ;<br><br>(ബി) എത്ര സംസ്ഥാനങ്ങൾ ഈ പദ്ധതിക്ക് കീഴിൽ ഉണ്ട് എന്നറിയാൻ കഴിഞ്ഞിട്ടുണ്ട്; | (എ) യും (ബി)യും<br>നെൽകൃഷിക്കായി 10 സംസ്ഥാനങ്ങളും ഗോതമ്പു കൃഷിക്കായി 9 സംസ്ഥാനങ്ങളും പയറുവർഗ്ഗങ്ങളുടെ വികസനത്തിനായി 14 സംസ്ഥാനങ്ങളും തിരഞ്ഞെടുക്കപ്പെട്ട ഈ പദ്ധതിയിൽ നിന്ന് കേന്ദ്രം നമ്മുടെ സംസ്ഥാനത്തെ അവഗണിക്കുകയായിരുന്നു. |
| (സി) എന്തൊക്കെയാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ; ഇതിൽ കേരളത്തെയും ഉൾപ്പെടുത്തുന്നതിനായി ശ്രമം നടത്തുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) നെല്ല്, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി നാഷണൽ ഭക്ഷ്യ സുരക്ഷാമിഷനിൽ ഉൾപ്പെടുത്തി 4482.48 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. അരി ഉത്പാദനം 10 മില്ല്യൺ ടണ്ണും, ഗോതമ്പ് 8 മില്ല്യൺ ടണ്ണും പയറുവർഗ്ഗങ്ങൾ 2 മില്ല്യൺ ടണ്ണും ആയി ഉയർത്തുവാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവഴി 4% വളർച്ചാനിരക്കാണ് വിഭാവനം ചെയ്യുന്നത്. കേരളത്തെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട് |

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *217 — 13-9-2007-ൽ മറുപടിക്ക്

## കെട്ടിടനിർമ്മാണ ചട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. രാജഗോപാലൻ :<br>ശ്രീ. വി. ജെ. തങ്കപ്പൻ :<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. കെ. ടി. ജലീൽ : | ഡോ: റ്റി. എം. തോമസ് ഐസക്<br>ധനകാര്യ മന്ത്രി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രിക്ക് വേണ്ടി) |
| (എ) പഞ്ചായത്തുകളിൽ കെട്ടിടനിർമ്മാണ ചട്ടം ബാധകമാക്കിയതിനെത്തുടർന്ന് കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും പൂർത്തിയാക്കിയതുമായ കെട്ടിടങ്ങൾക്ക് പെർമിറ്റും കെട്ടിട നമ്പരും ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശം എല്ലാ പഞ്ചായത്തുകൾക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1999 - ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ പഞ്ചായത്തുകളിലും സർക്കാർ ഉത്തരവ് (എം. എസ്) നം. 150/2007/തസ്വഭ. തീയതി 6.6.2007 പ്രകാരം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ചട്ടങ്ങൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ 20.6.2007-ലെ 24136/ആർ.എ1/2007/ തസ്വഭ - ലെയും 3.7.07 ലെ 37348/ആർ. ബി1/07/തസ്വഭ - ലെയും 25.7.07-ലെ 24136 (1)/ആർ. എ1/07/തസ്വഭ സർക്കുലറുകളിലൂടെയും സർക്കാർ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | ഈ മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്തുകളിൽ പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ ? | (ബി) | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പഞ്ചായത്തുകളിലും ബാധകമാക്കുന്നതിന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശം 10.9.2007 - ലെ 24136 (2)/ആർ. എ1/07/തസ്വഭവ പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 218

13.09.2007 ൽ മറുപടിയ്ക്ക്

ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.ബാബു<br>ശ്രീ.ജോർജ് മേഴ്സിയർ | ഡോ: റ്റി.എം തോമസ് ഐസക്<br>(ധനകാര്യ വകുപ്പുമന്ത്രി)<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രിക്കു വേണ്ടി) |
| (എ) ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കുന്ന വായ്പത്തുക, പലിശ നിരക്ക്, സബ്സിഡി തുക, അർഹത തുടങ്ങിയവ വിശദീകരിക്കുമോ; | (എ) ഉണ്ട്. വിശദാംശങ്ങൾ തയ്യാറായിവരുന്നതേയുള്ളൂ. |
| (ബി) ഈ പദ്ധതി എന്നു മുതൽ ഏതെല്ലാം ഏജൻസികൾ വഴി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പു സാമ്പത്തികവർഷം തന്നെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഹൗസിംഗ് ബോർഡിനെ ഒരു ഏജൻസിയായി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപ്പ് വർഷം ബജറ്റിൽ എത്ര രൂപ ഇതിലേയ്ക്ക് ബോർഡിന് മാത്രമായി വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം: 219 — 13.9.2007 - ൽ മറുപടിയ്ക്ക്

കെ.എസ്.ആർ.ടി.സി.യുടെ പുന:സംഘടന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.രാജു:<br>ശ്രീ.എൻ.അനിരുദ്ധൻ:<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ. രാജാജി മാത്യു തോമസ്: | ശ്രീ.മാത്യു. ടി.തോമസ്<br>ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും<br>വകുപ്പു മന്ത്രി |
| (എ) കെ.എസ്.ആർ.ടി.സി.യെ സമഗ്രമായ പുന:സംഘടനയ്ക്ക് വിധേയമാക്കുവാനുദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും.<br>ഷെഡ്യൂളുകൾ പുനരാവിഷ്ക്കരിച്ച് വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. വരുമാനം കൂടുതൽ ലഭ്യമാക്കത്തക്ക വിധത്തിൽ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് പുതുക്കിയ ഇൻസെന്റീവ് സ്കീം പരീക്ഷണാർത്ഥം 4 യൂണിറ്റുകളിൽ ആരംഭിച്ചു.<br>ടിക്കറ്റിന്റെ വരുമാനം വർദ്ധിപ്പിക്കാൻ തിരഞ്ഞെടുത്ത 51 ഡിപ്പോകളിൽ വ്യാപാര സമുച്ചയം നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. എല്ലാ വിഭാഗം ജീവനക്കാർക്കും ഘട്ടംഘട്ടമായി ട്രെയിനിംഗ് നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനം മെച്ചമാക്കാൻ കംപ്യൂട്ടറൈസേഷൻ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

മിഡിൽ മാനേജ്മെന്റ് തസ്തികകളിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ഇതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-220 13-09-2007-ൽ മറുപടി നൽകേണ്ടത്

### പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജുപോൾ<br>ശ്രീ. പി.ടി.എ.റഹിം<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.ആർ.സെൽവരാജ് | ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി)<br>തദ്ദേശസ്വയം ഭരണവും ഗ്രാമ<br>വികസനവും വകുപ്പു മന്ത്രിയ്ക്കുവേണ്ടി |
| (എ) കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം മേജർ ജില്ലാ റോഡുകളും സ്റ്റേറ്റ് ഹൈവേകളും ഒഴികെ മുഴുവൻ റോഡുകളും പഞ്ചായത്തിൽ നിക്ഷിപ്തമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ത്രിതല പഞ്ചായത്തുകൾ നിലവിലുള്ളതിനാൽ ഏതെല്ലാം റോഡുകൾ ഏത് തലത്തിലുള്ള പഞ്ചായത്തുകളുടെ കീഴിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; | (ബി) 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 166 (1)-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിനുള്ളിലെ ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ട മേഖലാടിസ്ഥാനത്തിലുള്ള ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്.<br>ടി ആക്ട് 172 (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നാലാം പട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റു റോഡുകളും പരിപാലിക്കേണ്ട മേഖലാടിസ്ഥാനത്തിലുള്ള ചുമതല ബ്ലോക്ക് പഞ്ചായത്തുകൾക്കാണ്. ടി ആക്ട് 173 (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അഞ്ചാം പട്ടിക പ്രകാരം മേജർ ജില്ലാ |

| | | |
|---|---|---|
| | | റോഡുകൾ ഒഴികെ ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ ജില്ലാ റോഡുകളും നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട മേലാടിസ്ഥാനത്തിനുള്ള ചുമതല ജില്ലാ പഞ്ചായത്തുകൾക്കാണ്. |
| (സി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ രണ്ട് ബ്ലോക്ക് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന എട്ട് മീറ്റർ വീതിയുള്ള റോഡുകൾ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | രണ്ട് ബ്ലോക്ക് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണവും സംരക്ഷണവും നടത്തേണ്ട ചുമതല ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾക്ക് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) ഇത്തരത്തിലുള്ള റോഡുകൾ പുനരുദ്ധരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളെ ചുമതലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | |

സെക്ഷൻ ഓഫീസർ

— — — — — —

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

| |
|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221 13.09.2007 ൽ മറുപടിക്ക് |

## വിരമിച്ച ഡോക്ടർമാരുടെ പുനർനിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എം.ദിനേശ് മണി:<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.വി.എൻ.വാസവൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിന്നും വിരമിച്ച വിദഗ്ദ്ധ ഡോക്ടർമാരെ പുനർവിന്യസിച്ച് തുടർസേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി അനുസരിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിന്നും വിരമിച്ച വിദഗ്ദ്ധ ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ 30.3.2007 ലെ ജി.ഒ.(എം.എസ്) 75/07/ആകുവ പ്രകാരവും അവരുടെ സേവനവേതന വ്യവസ്ഥകൾ നിർദ്ദേശിച്ചുകൊണ്ട് ജി.ഒ. (എം.എസ്) 112/07/ആകുവ പ്രകാരവും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഏതെല്ലാം വിഭാഗത്തിലുള്ള എത്ര ഡോക്ടർമാർക്കാണ് പുനർനിയമന ഉത്തരവ് നൽകിയത്; എത്ര പേർ ജോലിയിൽ പ്രവേശിച്ചു; നിയമന വ്യവസ്ഥകൾ വ്യക്തമാക്കുമോ ; | (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ കാർഡിയോളജി, മെഡിക്കൽ വിഭാഗങ്ങളിൽ ഓരോന്നുവീതവും, കോട്ടയം മെഡിക്കൽ കോളേജിൽ അനസ്തേഷ്യ വിഭാഗത്തിലും നേത്രരോഗ വിഭാഗത്തിലുമായി രണ്ടും ഡോക്ടർമാർക്ക് പ്രസ്തുത ഉത്തരവനുസരിച്ച് നിയമനം നൽകുകയും ടിയാൾ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. |
| (സി) | വിരമിച്ച ഡോക്ടർമാരെ ചികിത്സാ വിഭാഗങ്ങളിൽ നിയമിക്കുന്നതിന് സർവ്വീസിലുള്ള ഡോക്ടർമാർ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഡി) | ഈ പദ്ധതി തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) | ഉണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

H7

**GOVERNMENT OF KERALA**

**Abstract**

Health & Family Welfare Department —Medical Education Service - Establishment - Appointment of retired Doctors on Contract basis - sanctioned - Orders issued.

**HEALTH AND FAMILY WELFARE (B) DEPARTMENT**

G.O (MS.) No.75/07/ H&FWD. Dated, Thiruvananthapuram, 30.3.07

Read:- Letter No. F5 21890/2006/DME dated 26.9.06 and 30.1.2007.of the Director of Medical Education

**ORDER**

Considering the scarcity of teaching staff in Medical colleges under Medical Education in Kerala due to the retirement of Senior faculties in several departments, Government have taken a decision in principle to introduce the concept of annual contractual assignments to retired Professors of Medical Education Service in Government Medical Colleges in Kerala on yearly renewal basis. It will be applicable to Co-operative Medical Colleges in the State also. A separate detailed Government order in this regard will be issued later.

**(By Order of the Governor),**

**Dr. Vishwas Mehta,**
**Secretary to Government.**

To

The Director of Medical Education, Thiruvananthapuram
Principals of all Medical Colleges
The Director of Public Relations, Kerala, Thiruvananthapuram
The General Administration (SC ) Department (decision vide item no. 955 of the Council of Ministers dated 28/3/2007)
Stock file/Office Copy.

Copy to : P.S.to Minister (H)

***Forwarded/By Order***

***Section Officer***

# GOVERNMENT OF KERALA

ABSTRACT

Health and Family Welfare Department – Medical Education Service – Establishment – Appointment of retired Doctors on Contract basis – further instructions- Orders issued.

## HEALTH AND FAMILY WELFARE (B) DEPARTMENT

G.O.(MS)No.112/2007/H&FWD        Dated, Thiruvananthapuram 19.05.2007

**Read : 1. Letter NO.F5 21890/2006/DME dated 26.09.2006 and 31.01.2007 of the Director of Medical Education.**

**2. GO(MS)75/07/H&FWD dated 30.03.2007**

## ORDER

Considering the scarcity of teaching staff in Medical Colleges under medical education in Kerala due to the retirement of Senior faculties in several departments. Government have taken a decision in principle to introduce the concept of annual contractual assignments to retired Professors of Medical Education Service in Government Medical Colleges in Kerala on yearly renewal basis as per the GO read as second paper above. It will be applicable to co-operative Medical Colleges in the State also. Government examined the matter in detail and order further instructions in the matter as follows:-

1. Designation of such persons will be fixed as Consultant Professor, Consultant Associate Professor or Consultant Assistant Professor as the case may be.
2. Remuneration will be a minimum of Rs.15,000/- and a maximum of Rs.30,000/- per month

| | | |
|---|---|---|
| Consultant Professor | - | Rs.30,000/- (full time) |
| Consultant Associate Professor | - | Rs.22,500/- (full time) |
| Consultant Assistant Professor | - | Rs.15,000/- (full time) |

Those working only for 2 or 3 days in a week shall be paid a minimum of Rs.15,000/- per month.

3. All these consultants shall carryout teaching as per schedule allocated by the Principal. Depending upon the need, Clinical work may be assigned by the Principal wherever required and wherever possible

4. The Principals of the Medical Colleges concerned will be the authority to engage the services of the retired senior faculty members based on requirement.

5. The payment is to be made through the Principals of concerned Medical College and the expenditure will be met from "02 Wages".

6. Persons so engaged are Permitted to work as additional staff

**(By Order of the Governor)**

DR. VISHWAS MEHTA
SECRETARY

To

The Director of Medical Education, Thiruvananthapuram. – (List of Doctors who have expressed their willingness on contract basis and the opinion of Principals in each case appended)

Principals of all Medical Colleges

The Director of Public Relations, Kerala, Thiruvananthapuram

The General Administration (SC) Department (decision vide item No.955 of the Council of Ministers dated 28.03.2007)

The Principal Accountant General (Audit), Kerala, Thiruvananthapuram.

The Accountant General (A&E), Kerala, Thiruvananthapuram

Stock File/Office Copy

Forwarded/By Order

Section Officer

പന്ത്രണ്ടാം കേരള നിയമ സഭ

ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 222 | | 13-09-2007 -ൽ മറുപടിയ്ക്ക് |
|---|---|---|
| അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനം | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.പി. തിലോത്തമൻ<br>" എൻ. രാജൻ<br>" കെ. അജിത്<br>" പള്ളിപ്രം ബാലൻ | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | അടിസ്ഥാന സംവിധാനങ്ങളൊരുക്കാതെ അംഗൻവാടികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ചില അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യത്തിന്റെ കുറവ് ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത 13337 അംഗൻവാടികളുടെയും സ്വന്തമായി കെട്ടിടമുള്ളവയിൽ ടോയിലറ്റ് സൗകര്യം ഇല്ലാത്ത 5734 അംഗൻവാടികളുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കുട്ടികളുടെ മാനസികോല്ലാസത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് അംഗൻവാടികളിൽ ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) കുട്ടികളുടെ മാനസികോല്ലാസത്തിനായി ഓരോ വർഷവും അംഗൻവാടി ഒന്നിന് 500/- രൂപ മതിപ്പുള്ള പ്രി-സ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വാങ്ങി നൽകിവരുന്നു. അംഗൻവാടികൾ വിഭവ കേന്ദ്രങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി ഘട്ടം ഘട്ടമായി തെരഞ്ഞെടുത്ത 247 അംഗൻവാടികളിൽ കമ്പ്യൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ മുതലായവ അംഗൻവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കുട്ടികളുടെ മാനസികോല്ലാസം വർദ്ധിപ്പിക്കുന്ന പ്രത്യേകം കരിക്കുലം അനുസരിച്ചുള്ള പഠ്യപദ്ധതി അംഗൻവാടികളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| .സി) | ഈ അംഗൻവാടികളിലെ കുട്ടികൾക്ക് എന്തെല്ലാം തരത്തിലുള്ള പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) അംഗൻവാടികളിലെ പോഷകാഹാര പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ബന്ധപ്പെട്ട പഞ്ചായത്തുകൾ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി നിശ്ചിത പോഷകാഹാര മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഭക്ഷ്യപദാർത്ഥങ്ങൾ നൽകിവരുന്നു. അരി, പയർ. പാൽ, മുട്ട, ശർക്കര, നിലക്കടല, റവ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജില്ല | സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾ | കെട്ടിടമുണ്ടെങ്കിലും ടോയിലറ്റ് ഇല്ലാത്ത അംഗൻവാടികൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 1165 | 487 |
| 2 | കൊല്ലം | 1339 | 566 |
| 3 | പത്തനംതിട്ട | 716 | 836 |
| 4 | ആലപ്പുഴ | 1292 | 398 |
| 5 | കോട്ടയം | 1003 | 343 |
| 6 | ഇടുക്കി | 423 | 137 |
| 7 | എറണാകുളം | 1332 | 555 |
| 8 | തൃശ്ശൂർ | 1156 | 132 |
| 9 | മലപ്പുറം | 1810 | 200 |
| 10 | കോഴിക്കോട് | 1047 | 903 |
| 11 | പാലക്കാട് | 908 | 129 |
| 12 | കണ്ണൂർ | 779 | 889 |
| 13 | വയനാട് | 156 | 137 |
| 14 | കാസർഗോഡ് | 211 | 20 |
| | ആകെ: | 13337 | 5734 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 223 | 13.09.2007 ൽ മറുപടിക്ക് |
|---|---|

## മൊബൈൽ മെഡിക്കൽ യൂണിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ.ലതിക:<br>ശ്രീ വി ചെന്താമരാക്ഷൻ:<br>ശ്രീ എം എം.മോനായി:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.എ എം.ആരിഫ്: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൻെറ കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | പകർച്ചപ്പനി നേരിടുന്നതിനായി ആരോഗ്യവകുപ്പിന്റെ കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ താൽക്കാലികമായി പ്രവർത്തിച്ചിരുന്നു.ആദിവാസി ഊരുകളിൽ ചികിൽസാ സഹായം എത്തിക്കുന്നതിനായി 13 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.<br>വയനാട്- 5<br>ഇടുക്കി- 2<br>പാലക്കാട്-2<br>തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട } 1<br>കാസർഗോഡ്-1<br>കണ്ണൂർ-1<br>മലപ്പുറം-1<br>ആരോഗ്യവകുപ്പിനുകീഴിൽ 14 ഡിസ്ട്രിക്ട് മൊബൈൽ ഐ യൂണിറ്റും 2 സെൻട്രൽ മൊബൈൽ ഐ യൂണിറ്റുകളും(കോട്ടയം കോഴിക്കോട്) മെഡിക്കൽ കോളേജുകളോട് ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യവകുപ്പിനുകീഴിൽ വയനാട് ജില്ലയിലെ മാനന്തവാടി കേന്ദ്രീകരിച്ച് ഒരു മൊബൈൽ ദന്തൽ യൂണിറ്റ് പ്രവർത്തിക്കുന്നു. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിന് കീഴിൽ താഴെപ്പറയുന്ന 3 മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിക്കുന്നു.<br>പൈനാവ് - ഇടുക്കി ജില്ല<br>താനാളൂർ - മലപ്പുറം ജില്ല<br>മേപ്പാടി - വയനാട് ജില്ല |

(ബി) മൊബൈൽ മെഡിക്കൽ യൂണിറ്റിൽ ലഭ്യമായ ചികിത്സാ സഹായങ്ങൾ എന്തെല്ലാമാണ് ;

(ബി) പകർച്ചപ്പനി സംബന്ധിച്ചമൊബൈൽ യൂണിറ്റുകൾ എല്ലാസംവിധാനങ്ങളും ഉള്ളവയാണ്. ഇവ രോഗികളെ പരിശോധിച്ച് ചികിൽസ നടത്തുകയും വിദഗ്ദ്ധ ചികിൽസ ആവശ്യമായവരെ റഫറൽ കേന്ദ്രങ്ങളിലേക്കയക്കുകയും ചെയ്യുന്നു. ട്രൈബൽ യൂണിറ്റുകൾ രോഗപരിശോധനയ്ക്കൊപ്പം രോഗപ്രതിരോധകുത്തിവെയ്പുകളും കുടുംബക്ഷേമ പ്രവർത്തനങ്ങളും നടത്തുന്നു. വിദഗ്ദ്ധ ചികിത്സ വേണ്ടവരെ സ്പെഷ്യലിസ്റ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്നു. മൊബൈൽ ഐ യൂണിറ്റുകൾ നേത്ര രോഗികളെ സൗജന്യമായി പരിശോധിച്ച് വിദഗ്ദ്ധ ചികിത്സ വേണ്ടവർക്ക് അതിനുള്ള സൗകര്യവും ചെയ്തുകൊടുക്കുന്നു. ദന്തൽ യൂണിറ്റ് ദന്ത ചികിത്സാ സൗകര്യം ലഭ്യമാക്കുന്നു.

(സി) മെഡിക്കൽ യൂണിറ്റിലെ സ്റ്റാഫ് ഘടന എങ്ങനെയാണ് ;

(സി) a) പകർച്ചപ്പനി മൊബൈൽ യൂണിറ്റിൽ ഒന്നോ രണ്ടോ മെഡിക്കൽ ഓഫീസർമാരും ഒരു ഫാർമസിസ്റ്റും ഒരു സ്റ്റാഫ് നേഴ്സും ഇവരെ സഹായിക്കാനായി നേഴ്സിംഗ് അസിസ്റ്റന്റ്/അറ്റന്റർ എന്നിവരും ഉണ്ടായിരിക്കും.

b) ട്രൈബൽ മൊബൈൽ യൂണിറ്റിൽ ഒരു മെഡിക്കൽ ഓഫീസറും ഒരു ഫാർമസിസ്റ്റും ഒരു സ്റ്റാഫ് നേഴ്സും (ജെ.പി.എച്ച്.എൻ) ഒരു അറ്റൻഡന്റ്/വാൻ ക്ലീനറും ഒരു ഡ്രൈവറും ഉണ്ടാകും.

c) മൊബൈൽ ഐ. യൂണിറ്റിൽ ഒരു ഒഫ്താൽമിക് സർജനും ഒരു ഒഫ്താൽമിക് അസിസ്റ്റന്റും ഒരു ക്യാമ്പ് കോ-ഓർഡിനേറ്ററും ഓരോന്നുവീതം അറ്റൻഡർ/ഡ്രൈവറും ഉണ്ടാകും. ദന്തൽ യൂണിറ്റിൽ ഒരു ദന്തൽ സർജനും ഒരു ദന്തൽ ഹൈജീനിസ്റ്റും ഉണ്ടാകും.

ആയുർവേദ മൊബൈൽ ഡിസ്പെൻസറിയുടെ ഘടന മൊബൈൽ യൂണിറ്റിന് ബാധകമാണ്.

| | |
|---|---|
| മെഡിക്കൽ ഓഫീസർ | 1 |
| ഫാർമസിസ്റ്റ് | 1 |
| അറ്റൻഡർ | 1 |
| പി.റ്റി.എസ് | 1 |
| ഡ്രൈവർ | 1 |

| | | | |
|---|---|---|---|
| (ഡി) | എല്ലാ ജില്ലകളിലും മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) | 2007-08 ലെ കേരളത്തിന്റെ ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ പദ്ധതിയിൽ എല്ലാ ജില്ലകൾക്കും മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ നടത്തുന്നതിനുള്ള പദ്ധതി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ഇ) | അപകടങ്ങളും അത്യാഹിതങ്ങളും ഉണ്ടാകുമ്പോൾ സ്ഥലത്തെത്തി പ്രാഥമിക ചികിത്സ നൽകുവാൻ കഴിയുംവിധം മൊബൈൽ യൂണിറ്റിനെ സജ്ജീകരിക്കുമോ ? | (ഇ) | ഗ്രാമീണ ആരോഗ്യമിഷൻവഴി പുതുതായി ആരംഭിക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റ് കൂടുതൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയവയും ആയിരിക്കും. അപകടങ്ങളും അത്യാഹിതങ്ങളും ഉണ്ടാകുമ്പോൾ സ്ഥലത്തെത്തി പ്രാഥമിക ചികിൽസ നൽകുവാൻ ഈ യൂണിറ്റുകൾകൊണ്ട് കഴിയുംവിധം ഇവയെ സജ്ജീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

— — — —

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 224 — 13.9.07ൽ മറുപടിയ്ക്ക്

**സാമൂഹക്ഷേമ വകുപ്പിൻെറ പരിധിയിൽ വരുന്ന ക്ഷേമ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.എ.വാഹിദ്:<br>ശ്രീ.സി.പി.മുഹമ്മദ്:<br>ശ്രീ.കെ.സുധാകരൻ: | | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യക്ഷേമ വകുപ്പിൻെറ പരിധിയിൽ വരുന്ന ക്ഷേമ പെൻഷനുകൾ അതതു മാസം തന്നെ കൊടുക്കണമെന്ന് മുൻ ഗവൺമെൻറ് തീരുമാനിച്ചിരുന്നോ; | (എ) | തീരുമാനിച്ചിരുന്നു. |
| (ബി) | ഇതിൽ ഏതെല്ലാം പെൻഷനുകളാണ് ഉൾപ്പെടുന്നത്; | (ബി) | 1. അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമുള്ള പെൻഷൻ.<br>2. അഗതി(വിധവാ)പെൻഷൻ.<br>3. ദേശീയ വാർദ്ധക്യകാല പെൻഷൻ.<br>4. അവിവാഹിതകളും 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ. |
| (സി) | തീരുമാനത്തിനു ശേഷവും പ്രസ്തുത പെൻഷനുകൾ യഥാസമയം വിതരണം ചെയ്തു വരുന്നുണ്ടോ; | (സി) | എല്ലാ മാസവും 1-ാം തീയതി തന്നെ പെൻഷൻ തുക വിതരണം ചെയ്യുന്നതിലേയ്ക്കായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ-സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി ജില്ലാ കളക്ടർമാർക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) | ഈ ഗവൺമെൻറ് അധികാരമേറ്റ ശേഷം പ്രസ്തുത പെൻഷനുകൾ യഥാസമയം കൊടുക്കുന്നുണ്ടോ; | (ഡി) | പ്രസ്തുത പെൻഷനുകൾ ഗുണഭോക്താക്കൾക്ക് മണി ഓർഡർ മുഖാന്തിരം വിതരണം ചെയ്യുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (ഇ) | പെൻഷനുകൾ യഥാസമയം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പ്രസ്തുത പെൻഷനുകൾ എല്ലാ മാസവും 1-ാം തീയതി തന്നെ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 225. 13/9/07-ൽ മറുപടിക്ക്

മാനസികരോഗാശുപത്രിയിലെ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി:<br>ശ്രീ. കെ.കെ. ജയചന്ദ്രൻ:<br>ശ്രീ. പി. വിശ്വൻ:<br>ശ്രീ. എ. പ്രദീപ് കുമാർ:<br>ശ്രീ. ജോർജ്ജ് എം. തോമസ്: | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി) |
| എ) മാനസികരോഗാശുപത്രികളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.<br>1) മാനസികാരോഗ്യകേന്ദ്രം, തിരുവനന്തപുരം.<br>ഈ കേന്ദ്രത്തിന്റെ വികസനത്തിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പുതിയ വാർഡുകളും, കെട്ടിടങ്ങളും ഇതനുസരിച്ചാണ് പണിയുന്നത്.<br>സൈക്യാട്രിയിൽ ബിരുദാനന്തര ബിരുദമുള്ള രണ്ട് ഡോക്ടർമാരുടെ സേവനം അധികമായി ലഭിക്കുന്നുണ്ട്. മെച്ചപ്പെട്ട ചികിത്സയും ആശയവിനിമയവും, അക്കാദമിക് മികവും ലക്ഷ്യമിട്ട് ടെലിമെഡിസിൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ കേന്ദ്രത്തിന് അനുവദിച്ച ഇ.സി.എസ്.ഐ.പി പ്രോജക്ടിന്റെ ഭാഗമായി കുട്ടികളുടെയും കൗമാരപ്രായക്കാരുടെയും ചികിത്സക്കാവശ്യമായ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ജില്ലാ മാനസികാരോഗ്യപദ്ധതി ഈ കേന്ദ്രത്തിൽ നടത്തിവരുന്നുണ്ട്. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഭാഗമായി 5 നേഴ്സ്മാരെ അധികമായി നിയമിച്ചിട്ടുണ്ട്. ഈ യൂണിറ്റിന് വേണ്ടി ഡോക്ടർമാർ-2, നേഴ്സ്-4, നേഴ്സിംഗ് അസിസ്റ്റന്റ്-4, സെക്യൂരിറ്റി ഗാർഡ്-2 എന്നീ തസ്തികകൾ |

| | |
|---|---|
| | അനുവദിച്ചിട്ടുണ്ട്. 2005-2006-ലെ കേന്ദ്ര സഹായം ഉപയോഗിച്ചുള്ള വാർഡുകളുടെ നിർമ്മാണപ്രവർത്തനം പുരോഗമിച്ചു വരുന്നു.<br>2) മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ. ഈ ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലേക്കായി ലഭിച്ച കേന്ദ്രസഹായം ഉപയോഗിച്ച് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമവും തുടർന്നു വരുന്നു. ബിഹേവിയർ ഇന്റൻസീവ് കെയർ യൂണിറ്റ്, സിക് വാർഡ്, ഡീ.അഡിക്ഷൻ വാർഡ് എന്നിവയുടെ നിർമ്മാണവും തുടർന്ന് വരുന്നു. കൂടാതെ തൃശ്ശൂർ ജില്ലാ മാനസികാരോഗ്യപരിപാടിയും ഈ കേന്ദ്രം ആസ്ഥാനമാക്കി നടന്ന് വരുന്നു.<br>3) മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട്.<br>ഈ ആശുപത്രിയിലേക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുകകൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. രോഗികൾക്കായുള്ള പുതിയ വാർഡും, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും നിർമ്മിക്കുന്നതിനാണ് കേന്ദ്രസഹായം ലഭിച്ചിട്ടുള്ളത്. ഈ കേന്ദ്രത്തിൽ സ്റ്റീം കുക്കിംഗ് സംവിധാനം നടപ്പിലാക്കുവാൻ രണ്ടരലക്ഷം രൂപയും മാലിന്യനിർമ്മാർജ്ജനത്തിനായി കുടുംബശ്രീ പ്രവർത്തകർക്ക് നൽകുന്നതിനായി മുപ്പതിനായിരം രൂപയും അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) രോഗികളുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിപുലീകരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ: | ബി) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ആശുപത്രിഅധിഷ്ഠിത പുനരധിവാസത്തിനായി വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. (ബ്രഡ് മേക്കിംഗ് യൂണിറ്റ്, സോപ്പ് നിർമ്മാണം, ഉദ്യാനമൊരുക്കൽ, കൃഷി, ഫർണിച്ചർ മെയിന്റനൻസ്, കവർ നിർമ്മാണം തയ്യൽ എന്നിവ രോഗശമനം വന്ന രോഗികളെ ഉൾപ്പെടുത്തി പ്രവർത്തിച്ച് വരുന്നു.<br>തൃശ്ശൂർ മാനസികാരോഗ്യകേന്ദ്രത്തിൽ ഒക്കുപ്പേഷണൽ തെറാപ്പി ആന്റ് റീഹാബിലിറ്റേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കൃഷി, ആടുവളർത്തൽ, പന്നിവളർത്തൽ, സോപ്പുപ്പൊടി, മെഴുകുതിരി, ക്രിത്രിമപ്പൂക്കൾ എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. ബുക്ക് ബയന്റിംഗ് യൂണിറ്റും പ്രവർത്തിച്ചു വരുന്നു. പുരുഷൻമാരുടെ പുനരധിവാസപ്രവർത്തനത്തിനായുള്ള വാർഡും ഇതിൽ ഒരു ലൈബ്രറിയും പ്രവർത്തിച്ച് വരുന്നു.<br>കോഴിക്കോട് കേന്ദ്രത്തിൽ പുനരധിവാസപ്രവർത്തനങ്ങൾ ഇംഹാൻസ് (IMHANS) എന്ന സ്വയംഭരണസ്ഥാപനം മുഖേനയാണ് നടത്തിവരുന്നത്.<br>ഇവിടെ 811 പേരെ റിഹാബിലിറ്റേറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ഫറോക് ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ പുതുജീവൻ എന്ന പേരിൽ ഒരു റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു. ബാലുശ്ശേരിയിൽ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടുകൂടി സാന്ത്വനം എന്ന റീഹാബിലിറ്റേഷൻ സെന്ററും പ്രവർത്തിച്ച് വരുന്നു.<br>തിരുവനന്തപുരത്ത് കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ മംഗലപുരം പി.എച്ച്.സിയിൽ സാന്ത്വനം എന്ന പേരിൽ ഒരു പകൽവീടു പ്രവർത്തിച്ച് വരുന്നു. |

| | |
|---|---|
| സി)കുട്ടികൾക്കും കൗമാരപ്രായക്കാർക്കുമുള്ള പ്രത്യേകവാർഡുകൾ എല്ലാ ആശുപത്രികളിലും നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) യൂറോപ്യൻകമ്മീഷന്റെ സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാർക്കുമുള്ള ഒരു പ്രത്യേക ബ്ളോക്കിന്റെ പണി തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിൽ നടന്നു വരുന്നു.<br>തൃശ്ശൂരിൽ കുട്ടികൾക്കും കൗമാരപ്രായക്കാർക്കുമായി 10 കിടക്കകൾ വീതമുള്ള രണ്ട് വാർഡ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ആരംഭിക്കുന്ന കാര്യം ആലോചനയിലാണ്.<br>കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിൽ ഇത്തരത്തിലുള്ള ഒരു വാർഡ് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 226

13.9.2007 -ൽ മറുപടിയ്ക്ക്

## ഭൂഗർഭ ജല സംരക്ഷണ നിയമം നടപ്പിലാക്കുവാൻ നടപടി

**ചോദ്യം**

ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :

**ഉത്തരം**

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) കേന്ദ്ര ഭൂജല ബോർഡ് കാസർഗോഡ്, വയനാട്, പാലക്കാട് ജില്ലകളിൽ ഭൂജല സമ്പത്തിനെക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകളും പ്രധാന ശുപാർശകളും വ്യക്തമാക്കുമോ ;

(എ) ഉണ്ട്.— ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) അമിത ജലചൂഷണം തടയുന്നതിനായി ഭൂഗർഭ ജല സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ബി) ഭൂജല സംരക്ഷണം കർശനമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) നിയമം അനുസരിച്ചുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ.

## അനുബന്ധം

## കേന്ദ്ര ഭൂജല ബോർഡ് കാസർഗോഡ്, വയനാട്, പാലക്കാട് ജില്ലകളിൽ ഭൂജല സമ്പത്തിനെക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ടിലെ കണ്ടെത്തലുകളും പ്രധാന ശുപാർശകളും

### കാസറഗോഡ് ജില്ല

1) കാസർഗോഡ് ജില്ലയിലെ ഭൂജല ഉപയോഗം 1999-ൽ 74.90% ആയിരുന്നു. എന്നാൽ 2004-ലെ കണക്ക് 79.09% ആണ്.
2) ജില്ലയിലെ മദ്ധ്യ ഭാഗങ്ങളിലും പടിഞ്ഞാറൻ ഭാഗങ്ങളിലും ഭൂജല ഉപയോഗം വളരെ അധികമാണ്. ഇവിടങ്ങളിൽ ഭൂജലവിതാനം എല്ലാ സമയങ്ങളിലും താഴുന്നതായി കാണുന്നു. അതിനാൽ ഭൂജല ചൂഷണം നീലേശ്വരം ബ്ലോക്ക് ഒഴിച്ച് മറ്റ് ബ്ലോക്കുകളിൽ കർശനനിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്. വിവിധതരം കിണറുകളുടെ കണക്കെടുപ്പ് അത്യന്താപേക്ഷിതമായി നടപ്പിലാക്കേണ്ടതാണ്.
3) ഫ്റാക്ചർ സോണുകൾ 100 മീറ്ററിന് ഉള്ളിൽ ആയതിനാൽ ബോർ വെല്ലുകളുടെ ആഴം 100 മീറ്ററിൽ കൂടുതൽ ആവശ്യമില്ല.
4) ഉപരിതല ജലം, ഭൂജലം, മഴവെള്ളം എന്നിവയുടെ സംയോജിത ഉപയോഗമാണ് ജില്ലയിൽ ശുപാർശ ചെയ്യുന്നത്. നിലവിലുള്ള കിണറുകളും കുളങ്ങളും സംരക്ഷിക്കേണ്ടതാണ്.
5) ഓവർ എക്സ്പ്ലോയിറ്റഡും, സെമി ക്രിട്ടിക്കലും ബ്ലോക്കുകളിൽ മൈക്രോ ലെവൽ പഠനം ശുപാർശ ചെയ്യുന്നു. നീരുറവകൾ സംരക്ഷിക്കേണ്ടതും പുനരുദ്ധരിക്കേണ്ടതുമാണ്.
6) ടണൽ വെല്ലുകൾ നിരോധിക്കണം. ജലബഡ്ജറ്റിംഗ് നടപ്പിലാക്കണം.
7) ജല ഉപയോഗത്തിനെക്കുറിച്ചുള്ള പഞ്ചായത്തുതല ബോധവൽക്കരണം നടപ്പിലാക്കണം.
8) ജില്ലയിൽ വ്യാപകമായി മഴവെള്ള സംഭരണികളും കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും നടപ്പിലാക്കേണ്ടതാണ്.

### വയനാട് ജില്ല

1) ഇവിടത്തെ ഭൂജല ഉപയോഗം 2004-ൽ 25.05% മാത്രമാണ്. സെമി ക്രിട്ടിക്കൽ ബ്ലോക്കായ സുൽത്താൻ ബത്തേരി ഒഴികെയുള്ള സ്ഥലങ്ങളിൽ ഭാവിയിലെ ഉപയോഗത്തിന് അനന്തമായ സാദ്ധ്യതകൾ ഏറെയുണ്ട്.
2) സുൽത്താൻ ബത്തേരി ബ്ലോക്കുകളിലെ ഭൂജല ഉപയോഗം നിയന്ത്രിക്കേണ്ടതാണ്.
3) വിവിധതരം കിണറുകളുടെ സെൻസസ് നടപ്പിലാക്കേണ്ടതാണ്.
4) നീർത്തടാധിഷ്ഠിത ജലമാനേജ്മെന്റിന് പ്രാധാന്യം നൽകുകയും സംയോജിത ജല വിനിയോഗം നടപ്പിലാക്കുകയും നിലവിലുള്ള കിണറുകളും കുളങ്ങളും പുനരുദ്ധരിക്കേണ്ടതുമാണ്.
5) ജില്ലയിൽ ലഭ്യമായ 24 നീരുറവകളെ കുടിവെള്ള ആവശ്യത്തിനായി പുനരുദ്ധീകരിച്ച് ഉപയോഗിക്കേണ്ടതാണ്.
6) നിലവിലുള്ള ജലസേചന കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുകയും മൈക്രോ ജല വിതരണ പദ്ധതികൾക്ക് പ്രാധാന്യം നൽകേണ്ടതുമാണ്. ജില്ലയിൽ വാട്ടർ ബഡ്ജറ്റിംഗ് നടപ്പിലാക്കണം.
7) ജല സ്രോതസ്സുകളുടെ സംരക്ഷണത്തെപ്പറ്റി പൊതുജനങ്ങളെ ബോധവാൻമാരാക്കണം.
8) വളരെ വിപുലമായ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കണം. കൂടാതെ ഭൂജല സംരക്ഷണ പദ്ധതികൾ കൂടുതൽ നടപ്പിലാക്കണം. ടെക്നിക്കൽ

ഡേറ്റാ സെന്റർ കേന്ദ്ര ഭൂജല ബോർഡിൽ സ്ഥാപിക്കുകയും അത് പൊതുജനങ്ങൾക്ക് ആവശ്യാനുസരണം നൽകുകയും വേണം. താഴ്‌വാര പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിട്ടുള്ള കൃഷി ഉള്ളതിനാൽ ഇവിടെ ഭൂജല വിനിയോഗം കൂടുതലാണ്. ആയതിനാൽ നീർത്തട അടിസ്ഥാനത്തിൽ ഭൂജലത്തിന്റെ ലഭ്യത കണക്ക് എടുക്കേണ്ടതാണ്. ജില്ല അടിസ്ഥാനത്തിൽ ഭൂജലത്തിന്റെ കണക്ക് കൂടുതലായി കാണുന്നതിനാലും മുകളിൽ പറഞ്ഞിരിക്കുന്ന കാരണത്താലും നീർത്തട അടിസ്ഥാനത്തിലുള്ള കണക്ക് എടുക്കേണ്ടതാണ്.

പാലക്കാട് ജില്ല

1) ഭാവിയിലെ ആവശ്യങ്ങൾക്കായി ഭൂജല ചൂഷണം ചെയ്യാനുള്ള സാദ്ധ്യത പാലക്കാട് ജില്ലയിൽ ഉണ്ട്. 1999-ൽ 39% ഭൂജലം ചൂഷണം ചെയ്യപ്പോൾ 2004-ൽ 43.67% ആയി വർദ്ധിച്ചു. അതിനാൽ ചില നിയന്ത്രണങ്ങൾ ആവശ്യമുണ്ട്.
2) ചിറ്റൂർ, തൃത്താല എന്നീ ബ്ലോക്കുകളിൽ ഭൂജല വിതാനം താഴുന്നതായി കാണുന്നു. (രണ്ട് സീസൺ). 2002-04 കാലഘട്ടത്തിൽ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. അതിനാൽ ഈ പ്രദേശങ്ങളിൽ ഭൂജല ചൂഷണം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്.
3) വ്യവസായിക ആവശ്യങ്ങൾക്കായി പാലക്കാട് ജില്ലയിൽ മൊത്തത്തിൽ പ്രത്യേകിച്ച് ചിറ്റൂർ, തൃത്താല എന്നീ ബ്ലോക്കുകളിൽ ഭൂജല ഉപയോഗം നിയന്ത്രിക്കേണ്ടതാണ്.
4) പാലക്കാട് ജില്ലയിലെ വിവിധ തരം കിണറുകളുടെ കണക്കെടുപ്പ് നടത്തേണ്ടതാണ്.
5) ഭൂജലത്തോടൊപ്പം, ഉപരിതല ജലവും സംയോജിതമായി ഉപയോഗിക്കേണ്ടതാണ്. നീർത്തട അടിസ്ഥാനത്തിലുള്ള ജലമാനേജ്മെന്റ് അത്യന്താപേക്ഷിതമാണ്.
6) ഭൂജലത്തിന്റെ അളവ് മനസിലാക്കുന്നതിനായി ബ്ലോക്കുതലത്തിൽ മൈക്രോ ലെവൽ പഠനം നടത്തേണ്ടതാണ്.
7) കൊടുവായൂർ, കടുംതുരുത്തി എന്നിവിടങ്ങളിൽ കുഴിക്കുന്ന ബോർ വെല്ലുകൾ മുകളിലത്തെ സോൾ സീൽ ചെയ്താൽ ഉപ്പുവെള്ളം തടയാവുന്നതാണ്.
8) മഴവെള്ളക്കൊയ്ത്ത് ഇവിടെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
9) തച്ചമ്പാറ പഞ്ചായത്തിൽ വക്കൊത്ത് മല, ഇരുമ്പുമുട്ടിമല എന്നിവിടങ്ങളിൽ ലഭ്യമായ നീരുറവകൾ കുടിവെള്ളത്തിനായി ഉപയോഗിക്കാവുന്നതാണ്.
10) മീൻവല്ലം, ആർട്ട വെള്ളച്ചാട്ടങ്ങൾ കുടിവെള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.
11) ബോർവെല്ലുകളുടെ ആഴം 200 മീറ്ററിൽ കൂട്ടാൻ പാടുള്ളതല്ല.
12) ഫ്ളൂറൈഡ് സാന്നിദ്ധ്യമുള്ള ഭൂജല സ്രോതസ്സുകൾ ഉപയോഗിക്കുമ്പോൾ ഫ്ളൂറൈഡ് നില ലഘൂകരിക്കേണ്ടതാണ്.
13) ജില്ലയിൽ ശരിയായ രീതിയിലുള്ള ജല ബഡ്ജറ്റിംഗ് നടത്തേണ്ടതാണ്. ഇതിനായി നിലവിലുള്ള ശരിയായ രീതിയിലുള്ള ഭൂജല സംരക്ഷണത്തെയും ഉപയോഗത്തെയും കുറിച്ച് അവബോധം സൃഷ്ടിക്കണം. ഏകീകൃത നീർത്തട മാനേജ്മെന്റിനും സംയോജിത ജല ഉപയോഗത്തിനും പ്രാധാന്യം നൽകണം.
14) കൃത്രിമ ഭൂജല സംപോഷണത്തിന് അനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.
15) ടെക്നിക്കൽ ഡാറ്റാ ബേസ് സെന്റർ, സ്റ്റേറ്റ് ഭൂജല വകുപ്പിൽ നിന്നുള്ള ഡേറ്റാ വിവരങ്ങൾ കേന്ദ്ര ഭൂജല ബോർഡ് റീജിയണൽ ഓഫീസിൽ സ്ഥാപിച്ച് ഈ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണം.
16) ബോർവെൽ റീചാർജ് പദ്ധതികൾ കിഴക്കൻ പ്രദേശങ്ങളിൽ ഉള്ള ബ്ലോക്കുകളിൽ നടപ്പിലാക്കണം. പ്രത്യേകിച്ച് ചിറ്റൂർ ബ്ലോക്കിൽ.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.227 — 13.09.2007-ൽ മറുപടിയ്ക്ക്.

### പതിനൊന്നാം പഞ്ചവത്സര പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.ടി.അഹമ്മദ് അലി<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>ധനകാര്യ വകുപ്പ് മന്ത്രി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രിക്ക് വേണ്ടി ) | |
| (എ) | പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ പശ്ചാത്തല മേഖലയ്ക്കുള്ള വിഹിതമായ 30 ശതമാനത്തിൽ നിന്ന് കുറവ് വരുത്തുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പിന്നോക്ക ജില്ലകളുടെ റോഡുകളുടേയും മറ്റും വികസന പ്രവർത്തനങ്ങളെയും ഇത് പ്രതികൂലമായി ബാധിക്കുമെന്ന കാര്യം കണക്കിലെടുത്ത് പശ്ചാത്തല മേഖലയ്ക്ക് 30 ശതമാനം വിഹിതം നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആർ. ഐ.ഡി.എഫ് വിഹിതമുപയോഗിച്ച് റോഡ് പണികൾ ഏറ്റെടുക്കാവുന്നതാണ്. പി.എം.ജി.എസ്.വൈ പ്രകാരം 2006-07ൽ 733 കിലോമീറ്റർ റോഡിന് അംഗീകാരം നൽകിയിട്ടുണ്ട്. 2007-08-ലെ ടാർജറ്റ് 890 കിലോമീറ്റർ റോഡാണ്. ഗതാഗത സൗകര്യമില്ലാത്ത പിന്നോക്ക മേഖലകൾക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നുണ്ട്. ആയതിനാൽ പശ്ചാത്തല മേഖലയ്ക്ക് മുപ്പത് ശതമാനം വിഹിതം നിലനിർത്തുന്ന കാര്യത്തിൽ പുനഃപരിശോധന ആവശ്യമില്ല. |
| (സി) | എസ്.എസ്.എ.യുടെ വിഹിത | (സി) | വിഹിതം 50 ശതമാനമായി വർദ്ധി |

| | |
|---|---|
| മായി തദ്ദേശ സ്ഥാപനങ്ങൾ 50 ശതമാനം നൽകണമെന്ന വ്യവസ്ഥയ്ക്ക് പകരം 25 ശതമാനം എന്ന പഴയ വ്യവസ്ഥ നിലനിർത്തുമോ ? | പ്പിച്ചത് കേന്ദ്രസർക്കാരാണ്. എന്നാൽ കേന്ദ്ര സർക്കാർ ഇത് മുപ്പത്തഞ്ച് ശതമാനമായി കുറയ്ക്കാൻ ആലോചിക്കുന്നതായി അറിയുന്നു. അത്തരം തീരുമാനമുണ്ടാകുന്ന മുറയ്ക്ക് കേരള സർക്കാരും തദനുസരണമായി കുറവു വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

— — — — —

**പന്ത്രണ്ടാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 228

13.09.2007 -ൽ മറുപടിയ്ക്ക്

## വടക്കൻ കേരളത്തിലേക്കൊഴുകുന്ന നദികളുടെ കൈവഴിയിൽ കർണ്ണാടകം കെട്ടുന്ന തടയണകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. സി. കെ. പി. പത്മനാഭൻ :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. പി. ജയരാജൻ : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വടക്കൻ കേരളത്തിലേക്കൊഴുകുന്ന നദികളുടെ കൈവഴികളിലും വൃഷ്ടി പ്രദേശങ്ങളിലും കർണ്ണാടകം തടയണകളും അണക്കെട്ടുകളും ഉയർത്തുന്നതായ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഇതുമൂലം വരൾച്ച ഉണ്ടാവാൻ സാധ്യതയുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) കാസർഗോഡ് ജില്ലയിലെ പ്രമുഖനദികളായ ചന്ദ്രഗിരി, കാര്യങ്കോട് എന്നിവയുടെ ഉത്ഭവസ്ഥാനങ്ങളിലും കൈവഴികളിലും തടയണകെട്ടുന്നതുമൂലമുള്ള പ്രശ്നങ്ങൾ ഗൗരവപൂർവം കാണുമോ ? | (സി) അനധികൃത ജലം തിരിച്ചുവിടൽ സർക്കാർ ഗൗരവമായിത്തന്നെ കാണുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിനും സമയാസമയങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ജലസേചന വകുപ്പിൽ പ്രത്യേക സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 229

13--09--2007-ൽ മറുപടി നൽകേണ്ടത്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. മുരളി<br>,, ജി. കാർത്തികേയൻ<br>,, അടൂർ പ്രകാശ് | ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യ മന്ത്രി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്ക് വേണ്ടി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ നികുതി സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ എങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ നികുതി സ്രോതസ്സുകൾ കണ്ടെത്തുന്നതിന് രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ താഴെപ്പറയുന്ന ശുപാർശകൾ നല്കിയിട്ടുണ്ട്.<br><br>(1) സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലധിഷ്ഠിത വ്യക്തികളെയും സംഘങ്ങളെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് പ്രസംപ്റ്റീവ് തൊഴിൽ നികുതി നടപ്പിൽ വരുത്തുക. (ഉദാ. സ്വകാര്യ മെഡിക്കൽ പ്രാക്ടീഷണർമാർ, അഡ്വക്കേറ്റ്മാർ ചാർട്ടേഡ് അക്കൗണ്ടന്റുകൾ, ട്രാൻസ്പോർട്ട് വാഹന ഉടമകൾ, സംഗീത/നാടക ഗ്രൂപ്പുകൾ, കോൺട്രാക്ടർമാർ, പ്രൈവറ്റ് എഞ്ചിനീയർമാർ). |

(2) വിവിധയിനം പരസ്യങ്ങൾക്ക് വ്യത്യസ്ത മേഖലകളിൽ ചുമത്തേണ്ട പരസ്യ നികുതി നിരക്കുകൾക്ക് കുറഞ്ഞ തുക നിർണ്ണയിച്ചു കൊണ്ട് പരസ്യ നികുതി ചട്ടങ്ങൾ പുറപ്പെടുവിക്കുക.

(3) അനധികൃത പരസ്യങ്ങൾ ഒഴിവാക്കി പരസ്യങ്ങൾ നിയമാനുസൃതമാക്കുന്ന പദ്ധതി നടപ്പിൽ വരുത്തുക. അനധികൃത പരസ്യങ്ങൾക്ക് സാധാരണ പരസ്യനികുതിയുടെ അഞ്ചിരട്ടി തുക പിഴ ചുമത്തുന്നതിനുള്ള വകുപ്പ് പരസ്യനികുതി വകുപ്പിൽ ഉൾപ്പെടുത്തുക.

(4) വയൽ നികത്തലുകൾക്ക് വയലുകളുടെ വിസ്തീർണ്ണത്തിന്റെ സഞ്ചിത മൂല്യത്തിന്റെ 5% കൺവർഷൻ നികുതി (പരിവർത്തന നികുതി) ചുമത്തുക. മുൻകൂർ അനുമതി കൂടാതെ നടത്തുന്ന വയൽ നികത്തലുകൾക്ക് കൺവർഷൻ നികുതിയുടെ പത്തിരട്ടി തുക പിഴ ചുമത്തുക.

(5) സേവന നികുതി നിർബന്ധിതമാക്കുകയും വസ്തു നികുതിയുടെ നിശ്ചിത ശതമാനമായി നിജപ്പെടുത്തുകയും ചെയ്യുക.

(6) കെട്ടിട നികുതിയിന്മേലുള്ള സർചാർജ് പരമാവധി 5% എന്നുള്ളത് ഒഴിവാക്കുക.

| | | | |
|---|---|---|---|
| (ബി) | അവയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പുതിയ അധികാരങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും അവയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിനുമുള്ള കാര്യങ്ങൾ പരിഗണിക്കുവാൻ ദേശീയ വികസന കൗൺസിൽ യോഗം ചേരണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | ആഗസ്റ്റ് 7-ന് കൂടിയ ദേശീയ വികസന കൗൺസിലിന്റെ എംപവേർഡ് സബ് കമ്മിറ്റിയിൽ ഈ വിഷയം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഉന്നയിച്ചിട്ടുണ്ട്. |
| (ഡി) | കൗൺസിലിന്റെ പരിഗണനയ്ക്ക് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ? | (ഡി) | കൗൺസിലിന്റെ യോഗം വിളിച്ചു കൂട്ടുമ്പോൾ സംസ്ഥാന സർക്കാർ നിർദ്ദേശം സമർപ്പിക്കുന്നതാണ്. ദേശീയ വികസന കൗൺസിലിന്റെ യോഗം വിളിച്ചു കൂട്ടുന്നതിന് കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം അനുകൂലമാണ്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 230

13.9.2007ൽ മറുപടിക്ക്

### സ്വദേശ വിദേശ കുത്തകകളുടെ കടന്നുവരവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.സി. രാമൻ<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ശ്രീ. എം. ഉമ്മർ | | ഡോ. റ്റി.എം. തോമസ് ഐസക്.<br>ധനകാര്യ മന്ത്രി<br>(തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രിക്കുവേണ്ടി ) | |
| (എ) | സംസ്ഥാനത്തേക്കുള്ള സ്വദേശ-വിദേശ കുത്തകകളുടെ കടന്നുവരവ് നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ; | (എ) | നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും ബഹുരാഷ്ട്ര കുത്തക സംഭരണ വിതരണ കേന്ദ്രം എന്ന ഒരു തരംതിരിവോ വിവേചനമോ ഇല്ല. എന്നിരുന്നാലും ചെറുകിട കച്ചവടക്കാരുടേയും വ്യാപാരികളുടേയും താല്പര്യ സംരക്ഷണത്തിനായി അത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | ത്രിതല പഞ്ചായത്തുകൾക്ക് ഇതു സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗരേഖകൾ തയ്യാറാക്കി നൽകിയിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | സ്വദേശ-വിദേശ കുത്തകകളെ നിയന്ത്രിക്കുവാനായി നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.

9/

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231 | 13.09.2007 ൽ മറുപടിക്ക് |

**നിർദ്ധനരായ രോഗികൾക്കുള്ള വൈദ്യസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ:<br>ശ്രീ.എം.ചന്ദ്രൻ:<br>ശ്രീ.വി.ശശികുമാർ:<br>ശ്രീമതി.കെ.എസ്.സലീഖ:<br>ശ്രീ.രാജു എബ്രഹാം: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) നിർദ്ധനരായ രോഗികൾക്ക് വൈദ്യ സഹായം നൽകുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ധനസഹായം വിതരണം ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡം എന്താണ്; പദ്ധതി പ്രകാരം പരമാവധി നൽകുന്ന സഹായം എത്ര രൂപയാണ് ;

(എ) യും (ബി)

ഈ പദ്ധതി പ്രകാരം 24,000/- രൂപയ്ക്ക് താഴെ വാർഷിക വരുമാനം ഉള്ളവർക്ക് ഹൃദയസംബന്ധമായ ശസ്ത്രക്രിയകൾ, ക്യാൻസർ ചികിത്സ മുതലായവയ്ക്ക് ധനസഹായം നൽകുന്ന കേരളത്തിലെ 5 മെഡിക്കൽ കോളേജുകൾ, ശ്രീ.ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻറ് ടെക്നോളജി, റീജണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, എന്നിവിടങ്ങളിലെ ശസ്ത്രക്രിയകൾക്കും, ചികിത്സയ്ക്കുമാണ് ധനസഹായം അനുവദിക്കുന്നത്. പരമാവധി 20,000/- രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എന്തു തുക ഈ പദ്ധതിക്കായി ചെലവാക്കി

(സി) 18-08-2007 വരെ ആകെ 1,96,27,940 (ഒരു കോടി തൊണ്ണൂറ്റിആറ് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി തൊള്ളായിരത്തി നാല്പത് രൂപ) ചെലവായി.

(ഡി) ധനസഹായത്തിനായി എത്ര അപേക്ഷകളാണ് ഇപ്പോൾ നിലവിലുള്ളത്;

(ഡി) 5-9-2007 വരെ 1594 അപേക്ഷകളാണ് നിലവിലുള്ളത്.

(ഇ) അർഹരായ നിരവധി അപേക്ഷകർ നിലവിലുള്ള സാഹചര്യത്തിൽ ഈയിനത്തിൽ കൂടുതൽ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഇ) സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 232 — 13/9/2007 -ൽ മറുപടിക്ക്

## ആദിവാസി മേഖലയിലെ സിക്കിൾസെൽ രോഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി.കുഞ്ഞിരാമൻ<br>" സി.കെ.പി.പത്മനാഭൻ<br>" കെ.കുഞ്ഞമ്മത് മാസ്റ്റർ<br>" ബി.രാഘവൻ<br>" എസ്.രാജേന്ദ്രൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ആദിവാസി മേഖലയിലെ സിക്കിൾസെൽ രോഗത്തിന് ചികിത്സാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ആദിവാസി മേഖലയിലെ സിക്കിൾ സെൽ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി കോഴിക്കോട് മെഡിക്കൽ കോളേജും ആരോഗ്യ വകുപ്പും സംയുക്തമായി പദ്ധതി നടപ്പാക്കി വരുന്നു. യൂറോപ്യൻ കമ്മീഷന്റെ 60/- ലക്ഷം രൂപയുടെ ധനസഹായത്തോടെ ഒന്നാം വർഷ പദ്ധതി പൂർത്തിയാക്കി. ഇതിൻ പ്രകാരം<br>1. ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുയോജ്യമായ തരത്തിലുള്ള രോഗ പരിപാലന രീതിയ്ക്ക് രൂപം നൽകി.<br>2. വയനാട് ജില്ല, അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലെ ഡോക്ടർമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്കും പരിശീലനം നൽകി.<br>3. ഈ രോഗത്തിന് ആവശ്യമായ മരുന്നുകൾ പി.എച്ച്.സി. മുതലുള്ള എല്ലാ ചികിത്സാ കേന്ദ്രങ്ങളിലും സൗജന്യമായി ലഭ്യമാക്കി.<br>4. രോഗ നിർണ്ണയത്തിന് ആവശ്യമായ ഇലക്ട്രോഫോറെസിസ് സംവിധാനം വയനാട്ടിലും അട്ടപ്പാടി യിലും പ്രാവർത്തികമാക്കി.<br>5. കോഴിക്കോട് മെഡിക്കൽ കോളേജിൽ രോഗ നിർണ്ണയത്തിനും പഠനത്തിനുമായി ഒരു റഫറൻസ് ലബോറട്ടറി സ്ഥാപിച്ചു.<br>6. വയനാട്ടിലും അട്ടപ്പാടിയിലുമുള്ള സിക്കിൾ സെൽ രോഗികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഡാറ്റാ ബേസ് ഏർപ്പെടുത്തി. |

(ബി) സിക്കിൾസെൽ രോഗത്തിന്റെ ലക്ഷണങ്ങൾ എന്തെല്ലാമാണ് ;

(ബി) ജനിതകമായ കാരണങ്ങളാൽ രക്തത്തിലെ ചുവന്ന അണുക്കൾക്ക് ആകൃതി മാറ്റം സംഭവിയ്ക്കുകയും ഇവ വേഗത്തിൽ നശിപ്പിക്കപ്പെടുകയും ചെയ്യുന്നതു മൂലം രോഗികൾക്ക് വിളർച്ചയുണ്ടാകുന്നു. കണ്ണിനും മറ്റും മഞ്ഞനിറം ബാധിക്കുന്നതും സാധാരണമാണ്. ശരീരത്തിലെ ചെറിയ രക്തക്കുഴലുകൾ ആകൃതി മാറിയ രക്താണുക്കളാൽ കെട്ടു പിണഞ്ഞ് അടഞ്ഞുപോകുന്നതിനാൽ രോഗികൾക്ക് കഠിനമായ എല്ലുവേദന/വയറുവേദന എന്നിവയും ഉണ്ടാകാറുണ്ട്.

(സി) ഇപ്പോൾ എത്ര പേർക്ക് ഈ രോഗം ബാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ 4000 (നാലായിരം)ത്തോളം രോഗികൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) ചികിത്സയ്ക്കൊപ്പം മറ്റ് എന്തെല്ലാം സഹായങ്ങളാണ് ഈ രോഗികൾക്ക് നൽകുന്നത്?

(ഡി) ആദിവാസികളായ രോഗികൾക്ക് ചികിത്സയ്ക്ക് പോകാൻ സൗജന്യ യാത്രാ സംവിധാനം പട്ടിക വർഗ്ഗ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.233 — 13.09.2007-ൽ മറുപടിക്ക്

## നവജാത ശിശുക്കൾക്ക് മഞ്ഞപ്പിത്ത പ്രതിരോധ കുത്തിവെയ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ എം. ഉമ്മർ | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) നവജാത ശിശുക്കൾക്ക് മഞ്ഞപ്പിത്ത പ്രതിരോധ കുത്തിവയ്പ്പിനുവേണ്ടി കേന്ദ്ര ഫണ്ടിൽ നിന്നും അനുവദിച്ച ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ എല്ലാ ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും എന്നാണ് എത്തിയത്; | എ) 2007 മാർച്ച് മാസത്തിൽ എല്ലാ ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും എത്തിച്ചു. |
| ബി) ഇവ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെത്തി മാസങ്ങൾ പിന്നിട്ടിട്ടും കുത്തിവെയ്പ്പിനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് നല്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | ബി) സാർവ്വത്രിക രോഗ പ്രതിരോധ നടപടിയുടെ ഭാഗമായിട്ടാണ് ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ കേരളത്തിൽ നൽകാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുള്ളത്. സാർവ്വത്രിക രോഗ പ്രതിരോധ നടപടികളിൽ വാക്സിനുകൾ കൊടുക്കുന്നതു സംബന്ധിച്ചുള്ള എല്ലാ തീരുമാനങ്ങളും എടുക്കുന്നത് കേന്ദ്ര ആരോഗ്യവകുപ്പാണ്. കേന്ദ്ര ആരോഗ്യവകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കാത്തതുകൊണ്ടാണ് കുത്തിവയ്പ്പിനുള്ള നിർദ്ദേശം സംസ്ഥാന ആരോഗ്യവകുപ്പ് നൽകാത്തത്. |
| സി) ഈ വാക്സിനുകൾ മാസങ്ങളായി സുരക്ഷിതമല്ലാത്ത രീതിയിൽ സൂക്ഷിച്ച കാരണം ഇവയുടെ ഗുണമേന്മ നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും ഇവയുടെ കാലഹരണ തീയതി കഴിഞ്ഞിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ? | സി) വാക്സിനുകൾ സുരക്ഷിതമല്ലാത്ത രീതിയിൽ സൂക്ഷിച്ചത് കാരണം ഗുണമേന്മ നഷ്ടപ്പെട്ടതായി റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല. വാക്സിനുകളുടെ കാലഹരണ തീയതി സെപ്റ്റംബർ 2009 ആണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234 | 13.09.2007 ൽ മറുപടിക്ക് |
|---|---|

## ഗവൺമെന്റ് ആശുപത്രികളിലെ അണുബാധ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ.ജി.കാർത്തികേയൻ:<br>ശ്രീ.എ.പി.അനിൽകുമാർ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ 2007 ഏപ്രിൽ, മെയ് മാസങ്ങളിൽ ഉണ്ടായ അണുബാധയെക്കുറിച്ച് അന്വേഷിച്ച സമിതി അവരുടെ റിപ്പോർട്ടിൽ രോഗികളുടെ തിരക്കും ജീവനക്കാരുടെ കുറവും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവുമുള്ള ഏതു സർക്കാർ ആശുപത്രിയിലും അണുബാധ ഉണ്ടാകാമെന്ന് പറഞ്ഞിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലേയും രോഗികളുടെ തിരക്ക്, ജീവനക്കാരുടെ കുറവ്, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നീ ഘടകങ്ങളുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് പറയുമോ ;- | (ബി) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും പ്രത്യേകിച്ച് മെഡിക്കൽ കോളേജുകളിൽ രോഗികളുടെ തിരക്ക് ഉണ്ട്. ജീവനക്കാരുടെ കുറവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും പ്രധാന പ്രശ്നങ്ങളാണ്. |
| (സി) നിലവിലുള്ള സ്ഥിതി അനുസരിച്ച് ഗവൺമെന്റ് ആശുപത്രികളിലും അണുബാധ ഉണ്ടാകുവാൻ അനുകൂല സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഈ സാദ്ധ്യതയ്ക്ക് എപ്രകാരം പരിഹാരം കാണുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അഭൂതപൂർവമായ തിരക്കുണ്ട്. പലപ്പോഴും കിടക്കകളുടെ എണ്ണത്തേക്കാളും അധികം രോഗികളെ അഡ്മിറ്റ് ചെയ്യാറുണ്ട്. രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും സന്ദർശകരുടെയും ബാഹുല്യം മൂലം ആശുപത്രി ശുചിത്വം നഷ്ടപ്പെടുന്നു. ഇത് പരിഹരിക്കുവാൻ സന്ദർശകർക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. എസ്.എ.റ്റി.ആശുപത്രിയിൽ ഇത് ഫലപ്രദമായി നടപ്പിലാക്കി കഴിഞ്ഞു. ആശുപത്രി ശുചീകരണം |

കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. ഹൗസ് കീപ്പിംഗ് കമ്മിറ്റി നിലവിൽ വന്നു. പ്ലാസ്റ്റിക് നിരോധനം, ഇലപ്പൊതി നിരോധനം മുതലായവയും നടപ്പിലാക്കുന്നു. ജീവനക്കാരുടെ കുറവ് ഡോക്ടർമാരുടെ കുറവ് എന്നിവ പരിഹരിക്കുവാനായി ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും ഡോക്ടർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കരാർ അടിസ്ഥാനത്തിലും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം മുതൽ പി.ജി.വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയായതിനു ശേഷം നിർബന്ധിത കരാർ പ്രകാരം ഒരുവർഷത്തെ നിയമനം നൽകിയിട്ടുണ്ട്. നേഴ്സിംഗ് അസിസ്റ്റന്റ്മാരുടെയും അറ്റൻഡർമാരുടെയും കുറവ് പരിഹരിക്കുവാനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും റിട്ടയർ ചെയ്ത നേഴ്സിംഗ് അസിസ്റ്റന്റ്മാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനും അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു. നേഴ്സുമാരുടെ കുറവ് ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതി പ്രകാരം നികത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 235

13.9.2007-ൽ മറുപടിക്ക്

## കടലാക്രമണ പ്രതിരോധപ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. പി.വിശ്വൻ :<br>ശ്രീ. സി. കെ. സദാശിവൻ :<br>ശ്രീ. എ എം.ആരിഫ് :<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കടലാക്രമണ പ്രതിരോധത്തിനായി ഈ വർഷം നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) കടലാക്രമണ പ്രതിരോധത്തിനായി 12 -ാം ധനകാര്യകമ്മീഷന്റെ ആദ്യവർഷമായ 2006-07 ൽ 63.55 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണം, പുനരുദ്ധാരണം എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പണികൾ പുരോഗമിച്ചു വരുന്നു. 2007-08 രണ്ടാം ഘട്ടത്തിലെ പ്രവർത്തികളുടെ കർമ്മപദ്ധതി തയ്യാറാക്കിവരുന്നു. സുനാമി പുനരധിവാസ പദ്ധതിയിൽ 120 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ (കടൽഭിത്തി നിർമ്മാണം, പുനരുദ്ധാരണം, പുലിമുട്ടു നിർമ്മാണം) എന്നിവയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അനുമതിയ്ക്കുള്ള പ്രാരംഭ നടപടികൾ എടുത്തുവരുന്നു.<br><br>ഇവ കൂടാതെ അടിയന്തിരഘട്ടങ്ങളിൽ സംസ്ഥാനഫണ്ട് ഉപയോഗിച്ച് കരിങ്കൽച്ചിറകൾ നിർമ്മിച്ച് കടലാ ക്രമണത്തെ പ്രതിരോധിച്ചു വരുന്നു. |
| (ബി) പുലിമുട്ടുകൾ നിർമ്മിച്ച് തീരം സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(സി) നിരന്തരം കടലാക്രമണം ഉണ്ടാകുന്ന സ്ഥലങ്ങളിൽ പുലിമുട്ട് ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ , | (ബി & സി)<br>അതാത് തീരപ്രദേശങ്ങളുടെ ആവശ്യകത അനുസരിച്ച് വിശദമായ പഠനങ്ങൾക്ക് ശേഷം മാത്രമേ പുലിമുട്ടുകൾ നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ. |

| | |
|---|---|
| (ഡി) സുനാമി പുനരധിവാസ പദ്ധതി പ്രകാരം കടൽഭിത്തി നിർമ്മാണത്തിന് ലഭ്യമാക്കുന്ന തുക എത്രയാണ് ; | (ഡി) സുനാമി പുനരധിവാസ പദ്ധതി പ്രകാരം കടൽഭിത്തി നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ലഭ്യമാകുന്ന തുക 120 കോടി രൂപയാണ്. |
| (ഇ) ഈ തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാം പ്രദേശങ്ങളിൽ പൂർത്തിയായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ? | (ഇ) 31.7.2007 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാരണ)നം.1040/07/ഡബ്ല്യു.ആർ.ഡി പ്രകാരമാണ് മേൽപ്പറഞ്ഞ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ ഉൾപ്പെട്ട പ്രവർത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം:236 — 13.9.2007 - ൽ മറുപടിയ്ക്ക്

കെ.എസ്.ആർ.ടി.സി.യുടെ ടയർ ഉൽപ്പാദന കേന്ദ്രവും
റീട്രേഡിംഗ് സെന്ററുകളും.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ദിവാകരൻ: | ശ്രീ.മാത്യു. ടി.തോമസ്<br>ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും<br>വകുപ്പു മന്ത്രി |
| (എ) കെ.എസ്.ആർ.ടി.സി.യിൽ മുൻ വർഷങ്ങളേക്കാൾ ടയറിന്റെ ചെലവിൽ വൻ കുറവ്വന്നിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) ഉണ്ട്. വാഹന പരിപാലനത്തിൽ വരുത്തിയ മാറ്റങ്ങൾമൂലം പുതിയ ടയറിന്റെ മൈലേജും, ഗുണനിലവാരമുള്ള ടയർ റീട്രേഡിംഗ് സാധനങ്ങൾ വാങ്ങുന്നതിനാൽ റീട്രേഡ് ടയറിന്റെ മൈലേജും വർദ്ധിച്ചതാണ് ഇതിന്റെ കാരണം. |
| (ബി) ഇതുവഴി കെ.എസ്.ആർ. ടി.സി.ക്ക് ഉണ്ടായ നേട്ടം എത്രയെന്ന് അറിയിക്കുമോ; | (ബി) പുതിയ ടയറിന്റെ ഉപഭോഗം കുറഞ്ഞ വകയിൽ ഉദ്ദേശം 7.3 കോടി രൂപയുടെയും ടയർ റീ-ട്രേഡിംഗ് മെറ്റീരിയൽസിന്റെ ചെലവ് കുറഞ്ഞ വകയിൽ ഉദ്ദേശം 4.16 കോടി രൂപയുടേയും നേട്ടമുണ്ടായിയെന്ന് കണക്കാക്കുന്നു. |
| (സി) കെ.എസ്.ആർ. ടി.സി. യിൽ ടയർ വാങ്ങുന്ന രീതി വിശദമാക്കുമോ; | (സി) പ്രശസ്തമായ ടയർ നിർമ്മാതാക്കളിൽ നിന്നും ഓപ്പൺ ടെൻഡർ മുഖേനയാണ് കെ.എസ്.ആർ. ടി.സി. യിൽ ടയർ വാങ്ങുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രതിവർഷം എത്ര ടയറുകൾ ഇപ്രകാരം വാങ്ങുന്നുണ്ട്; | (ഡി) | ഉദ്ദേശം 17,000 ടയറുകൾ. |
| (ഇ) | കെ.എസ്.ആർ.ടി.സിയ്ക്ക് സ്വന്തമായി ടയർ റീട്രേഡിംഗ് സെന്ററുകൾ ഉണ്ടോ; ഇല്ലെങ്കിൽ ഇപ്പോൾ ഈ ജോലി നിർവ്വഹിക്കുന്നത് ആരാണ്; | (ഇ) | ഉണ്ട്. |
| എഫ്) | കെ.എസ്.ആർ.ടി.സിയ്ക്ക് സ്വന്തമായി ടയർ ഉൽപ്പാദന കേന്ദ്രവും, റീട്രേഡിംഗ് സെന്ററുകളും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദവിവരം നൽകുമോ? | എഫ്) | കെ.എസ്.ആർ.ടി.സിയ്ക്ക് സ്വന്തമായി ടയർ ഉൽപ്പാദന കേന്ദ്രം തുടങ്ങുന്ന കാര്യം പരിഗണനയിൽ ഇല്ല. ഇപ്പോൾ കെ.എസ്.ആർ.ടി.സിയ്ക്ക് സ്വന്തമായി മൂന്ന് ടയർ റീട്രേഡിംഗ് കേന്ദ്രങ്ങൾ ഉണ്ട്. സെൻട്രൽ വർക്സ് പാപ്പനംകോട്, റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ, ആലുവ എന്നിവിടങ്ങളിലാണ് ഈ കേന്ദ്രങ്ങൾ. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.237 | | 13/09/2007 -ൽ മറുപടിയ്ക്ക് | |
|---|---|---|---|
| വികലാംഗക്ഷേമം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. കെ. ശിവദാസൻ നായർ: | | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) | |
| എ | വികലാംഗക്ഷേമത്തിന് എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നിലവിൽ ഉള്ളത്; | എ | സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ടും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് വികലാംഗ ക്ഷേമ കോർപ്പറേഷൻ, വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് എന്നീ ഏജൻസികൾ വികലാംഗ ക്ഷേമത്തിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ്, കേരള സ്റ്റേറ്റ് വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നിവയുടെ നേതൃത്വത്തിൽ നടത്തിവരുന്ന ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി | വികലാംഗർക്ക് തിരിച്ചറിയൽ കാർഡും മറ്റു രേഖകളും നൽകുന്നതിൽ എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി | പ്രസ്തുത രേഖകൾ വിതരണം ചെയ്യുവാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തുമോ; | സി | ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി | വികലാംഗക്ഷേമത്തിനായുള്ള പുതിയ പദ്ധതികളെന്തെല്ലാമെന്ന് വിശദീകരിക്കുമോ; | ഡി | ഈ വർഷം വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് വികലാംഗർക്ക് താമസ സൗകര്യം നൽകി സംരക്ഷിക്കുന്ന ഒരു ഭവനം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ ഉടനടി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>2. അംഗവൈകല്യം സംഭവിച്ചിട്ടുള്ള അനാഥ കുഞ്ഞുങ്ങളെ സംരക്ഷിച്ച് ചികിത്സ നൽകി പുനരധിവസിപ്പിക്കുന്നതിന് ഒരു ഹോം ഹൈഡാഫീസിനോടനുബന്ധിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്.<br>3. കൃത്രിമ കൈകാൽ യൂണിറ്റ് തെരഞ്ഞെടുത്ത ജില്ലകളിൽ സ്ഥാപിക്കുന്ന പദ്ധതി.<br>4. മൂന്നു ജില്ലകളിൽ വികലാംഗ സഹായ ഉപകരണ നിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തുന്ന കേന്ദ്രം.<br>5. ലോട്ടറി കച്ചവടം ചെയ്യുന്നതിന് ധനസഹായം.<br>6. ചായ, കോഫി നിർമ്മാണ യന്ത്രം സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നു.<br>7. സ്വാശ്രയ സംഘ രൂപീകരണവും മൈക്രോ ക്രെഡിറ്റ് വ്യവസ്ഥ തൊഴിലധിഷ്ഠിത പുനരധിവാസ പദ്ധതി.<br>8. സ്റ്റേറ്റ് റിസോഴ്സ് സെൻറർ ആരംഭിക്കുന്ന പദ്ധതി. |
| ഇ | വികലാംഗർക്ക് പൊതുസ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതി നിലവിലുണ്ടോ; | ഇ | വികലാംഗർക്ക് പൊതു സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. |
| എഫ് | വികലാംഗക്ഷേമ പദ്ധതി നടത്തിപ്പുകളിൽ ദേശീയതലത്തിൽ കേരളത്തിന്റെ സ്ഥാനം എന്താണ്; | എഫ് | വികലാംഗക്ഷേമ പദ്ധതി നടത്തിപ്പുകളിൽ ദേശീയ തലത്തിൽ കേരളത്തിന്റെ സ്ഥാനം സംബന്ധിച്ച വിവരം ലഭ്യമല്ല. |

| | | | |
|---|---|---|---|
| ജ് | വികലാംഗരായ വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിലുള്ളത്; | ജി | 1. വികലാംഗർക്കായി തിരുവനന്തപുരത്തും, കോഴിക്കോടും ഓരോ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പരിശീലനം നേടുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് നൽകി വരുന്നു. പ്രതിമാസം ഒരാൾക്ക് 200/- രൂപയാണ് സ്റ്റൈപന്റ് നൽകുന്നത്. 2006-07 വർഷത്തിൽ 400 വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് നൽകിയിട്ടുണ്ട്.<br>2. ഒന്നാം ക്ലാസ് മുതൽ ഉയർന്ന ക്ലാസുകളിൽ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 100/- രൂപയും, 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 125/- രൂപയും, +1, +2 തത്തുല്യ കോഴ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 150/- രൂപയും ഹോസ്റ്റൽ ചാർജ്ജ് 200/- രൂപയും, ബി.എ, ബി.എസ്.സി. , ബി.കോം തത്തുല്യ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പ്രതിമാസം 175/- രൂപയും ഹോസ്റ്റൽ ചാർജ്ജ് 250/- രൂപയും, പ്രൊഫഷണൽ കോഴ്സുകൾ, എം.എ, എം.എസ്.സി, തത്തുല്യ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പ്രതിമാസം 250/- രൂപയും ഹോസ്റ്റൽ ചാർജ്ജ് 300/- രൂപയുമാണ് നൽകുന്നത്.<br>3. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. പ്രതിമാസം 900/- രൂപയാണ് സ്കോളർഷിപ്പ് നൽകുന്നത്.<br>കേരള സ്റ്റേറ്റ് വികലാംഗ ക്ഷേമ കോർപ്പറേഷൻ എസ്. എസ്. എൽ.സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന അസ്ഥി സംബന്ധമായ വൈകല്യമുള്ളവർ, കാഴ്ച വൈകല്യമുള്ളവർ, ശ്രവണ ബധിര വൈകല്യമുള്ളവർ, എന്നീ വിഭാഗങ്ങളിൽ ഓരോ ജില്ല |

| | | | |
|---|---|---|---|
| | | | യിലും 3 വികലാംഗരായ വിദ്യാർത്ഥികൾക്ക് 2500/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. |
| എച്ച് | സർക്കാർ നിയമനങ്ങളിൽ വികലാംഗ സംവരണം കൃത്യമായി പാലിയ്ക്കുന്നുണ്ടോ ? | എച്ച് | 3% തസ്തികകൾ വികലാംഗർക്കായി സംവരണം ചെയ്തിട്ടുണ്ട്. സംവരണം ചെയ്ത തസ്തികകളിൽ നിയമനം നൽകുന്നതിൽ കാലതാമസം ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സാമൂഹ്യക്ഷേമ വകുപ്പുവഴി വികലാംഗർക്കായി നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. വികലാംഗർക്ക് ചികിത്സാ ധനസഹായം, വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകി വരുന്നു. ജില്ലാ ഓഫീസർമാർ അപേക്ഷ സ്വീകരിച്ച് സർക്കാരിന് സമർപ്പിക്കും. സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് ഒരാൾക്ക് പരമാവധി 5,000/- രൂപ വച്ച് ഡയറക്ടറേറ്റിൽ നിന്നും തുക നൽകുന്നു. ഈ ഇനത്തിൽ 1358 അപേക്ഷകർക്ക് ആകെ 39,25,500/- രൂപ 2006-07 വർഷത്തിൽ ചിലവഴിച്ചു.
2. വികലാംഗരായ പെൺകുട്ടികൾക്കും, വികലാംഗ ദമ്പതിമാരുടെ പെൺമക്കൾക്കും വിവാഹ ധനസഹായം നൽകുന്ന പദ്ധതി ഡയറക്ടറേറ്റിൽ കൂടി നടപ്പാക്കി വരുന്നു. ഒരാൾക്ക് 10,000/- രൂപയാണ് ധനസഹായം നൽകുന്നത് ടി ഇനത്തിൽ 111 അപേക്ഷകർക്ക് ആകെ 11,10,000/- രൂപ 2006-07 സാമ്പത്തി വർഷം ചെലവഴിച്ചു.
3. സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നു. ഒരു അന്തേവാസിയ്ക്ക് പ്രതിമാസം 125/- രൂപ നിരക്കിൽ ആണ് ഗ്രാൻറ് അനുവദിക്കുന്നത്. ടി ഇനത്തിൽ 1760 രൂപ അന്തേവാസികൾക്ക് 2006-07 വർഷത്തിൽ 2,20,000/- രൂപ നൽകി.
4. വികലാംഗർക്കായി തിരുവനന്തപുരത്തും, കോഴിക്കോട്ടും, ഓരോ വൊക്കേഷണൽ ട്രെയിനിംഗ് സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പരിശീലനം നേടുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപൻറ് നൽകി വരുന്നു. പ്രതിമാസം ഓരാൾക്ക് 200/- രൂപയാണ് സ്റ്റൈപൻറ് നൽകുന്നത്. 2006-07 വർഷത്തിൽ 400 വിദ്യാർത്ഥികളെ സഹായിച്ചു.

5. ഒന്നാം ക്ലാസ് മുതൽ ഉയർന്ന ക്ലാസുകൾക്ക് പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 100/- രൂപയും, 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 125/- രൂപയും, +1, +2 തത്തുല്യ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പ്രതിമാസം 150/- രൂപയും ഹോസ്റ്റൽ ചാർജ്ജ് 200/- രൂപയും, ബി.എ, ബി.എസ്.സി. , ബി.കോം തത്തുല്യ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പ്രതിമാസം 175/- രൂപയും ഹോസ്റ്റൽ ചാർജ്ജ് 250/- രൂപയും. പ്രൊഫഷണൽ കോഴ്സുകൾ, എം.എ, എം.എസ്.സി, തത്തുല്യ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പ്രതിമാസം 250/- രൂപയും ഹോസ്റ്റൽ ചാർജ്ജ് 300/- രൂപയുമാണ് നൽകുന്നത്.

6. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. പ്രതിവർഷം 900/- രൂപയാണ് സ്കോളർഷിപ്പ് നൽകുന്നത്.

7. അന്ധരും അസ്ഥി സംബന്ധവുമായ വൈകല്യമുള്ള അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ് 5 വർഷത്തേക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ നൽകുന്നു. 2006-07 വർഷത്തിൽ 2 അഭിഭാഷകർക്ക് സഹായം നൽകി.
8. എഴുത്ത് പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയവയിൽ പങ്കെടുക്കുന്ന വികലാംഗ ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത നൽകുന്നു.;
9. വികലാംഗർക്കുവേണ്ടി സമഗ്ര പുനരധിവാസ പദ്ധതി പ്രകാരം വികലാംഗർക്ക് ചികിത്സിച്ച് ഭേദമാക്കാവുന്ന വൈകല്യങ്ങൾ കറക്ടീവ് സർജറി എന്നിവയും, കൃത്രിമാവയവങ്ങൾ, ശ്രവണ സഹായി, കണ്ണട, വീൽചെയർ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും, സ്വയം തൊഴിൽ ചെയ്യുന്നതിനും ധനസഹായം നൽകുന്നു. ടി പദ്ധതി പ്രകാരം 2006-07 സാമ്പത്തിക വർഷത്തിൽ ഇടുക്കി, ജില്ലയിലെ അടിമാലി, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി, ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ്, എറണാകുളം ജില്ലയിലെ കോതമംഗലം എന്നീ ബ്ളോക്കുകളിൽ 5 ലക്ഷം രൂപ വീതം ആകെ 20,00,000/- രൂപ ടി പദ്ധതിയ്ക്കായി ചെലവഴിച്ചു. ഈ സാമ്പത്തിക വർഷം (2007-08) ടി പദ്ധതി നടപ്പാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ പെരുങ്കടവിള, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി എന്നീ ബ്ളോക്കുക ളെ തെരഞ്ഞെടുക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ടി ബ്ളോക്കുകൾക്ക് 4 ലക്ഷം രൂപ വീതം 8 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>വികലാംഗരുടെ ക്ഷേമത്തിനായി കേരളാ സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ വിവരിക്കുന്നു.</u>

1. <u>വികലാംഗർക്കാവശ്യമായ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം</u>

60,000/- രൂപ വരെ വാർഷിക വരുമാനമുള്ള വികലാംഗർക്ക് ആവശ്യമായ ഉപകരണങ്ങളായ ട്രൈസൈക്കിൾ, വീൽചെയർ, ക്രച്ചസ്, കൃത്രിമ കൈ-കാൽ, കാലിപ്പർ, ഷൂസ്, ശ്രവണ സഹായി, വൈറ്റ്കെയിൻ, പവർഗ്ളാസ്സ്, ബ്രെയിലി സ്ളേറ്റ്, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗ് എന്നിവ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം 2006-07 സാമ്പത്തിക വർഷത്തിൽ 29.86 ലക്ഷം രൂപയോളം വിലയുള്ള 964 വിവിധ ഉപകരണങ്ങൾ വികലാംഗർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം ഉപകരണങ്ങൾ കോർപ്പറേഷൻ മൾട്ടി പർപ്പസ് ജില്ലാതല വിവിധോദ്ദേശ ക്യാമ്പുകൾ സംഘടിപ്പിച്ചാണ് വിതരണം ചെയ്യുന്നത്. 2006-07 സാമ്പത്തിക വർഷത്തിൽ 314 ത്സ്പ്പരം വികലാംഗർക്ക് ആരോഗ്യക്ഷേമ വകുപ്പിന്റെ സഹായത്തോടുകൂടി മെഡിക്കൽ സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

2. <u>മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാങ്ങുന്ന വികലാംഗർക്ക് സൈഡ് വീൽ ഘടിപ്പിക്കുന്നതിനുള്ള സഹായം.</u>

സ്വന്തമായി മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാങ്ങുന്ന വികലാംഗർക്ക് സൈഡ് വീൽ ഘടിപ്പിക്കുന്നതിന് 5000/- രൂപ സബ്സിഡി നൽകുന്നു. ഈ പദ്ധതി പ്രകാരം 2006-07 സാമ്പത്തിക വർഷത്തിൽ 1.10 ലക്ഷം രൂപ 22 പേർക്ക് സബ്സിഡിയായി നൽകിയിട്ടുണ്ട്.

3. വികലാംഗരായ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

എസ്.എസ്.എൽ.സി. പരീക്ഷയിൽ ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന അസ്ഥിസംബന്ധമായി വൈകല്യമുള്ളവർ, അന്ധർ ബധിര മൂക് എന്നീ വിവിധ വിഭാഗങ്ങളിൽപ്പെട്ട 3 വികലാംഗരായ വിദ്യാർത്ഥികൾക്ക് 2,500/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു.

4. നിർദ്ധനരായ വികലാംഗർക്ക് വിവാഹത്തിന് ധനസഹായം.

നിർദ്ധനരായ വികലാംഗ സ്ത്രീകൾക്ക് മംഗല്യ സൗഭാഗ്യത്തിന് ധനസഹായം നൽകുവാൻ ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നു. 2006-07 വരെ 24,873/- രൂപയോളം വിലവരുന്ന വീട്ടുപകരണങ്ങൾ, തയ്യൽ മെഷീനുകൾ എന്നിവ വികലാംഗ ദമ്പതികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

5. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം, വികലാംഗരുടെ സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം.

വികലാംഗർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷൻ അഞ്ചു ലക്ഷം രൂപവരെ പരമാവധി 6% പലിശ നിരക്കിൽ 7 മുതൽ 10 വർഷം വരെ നീണ്ട് നിൽക്കുന്ന തിരിച്ചടവ് കാലയളവിലേയ്ക്കായി വായ്പകൾ അനുവദിക്കുന്നു. ഈ പദ്ധതി പ്രകാരം 2006-07 സാമ്പത്തിക വർഷത്തിൽ 94 . 85 ലക്ഷം രൂപ 110 വികലാംഗർക്ക് അനുവദിച്ചിട്ടുണ്ട്

6. സ്വയം തൊഴിൽ വായ്പക്ക് സബ്സിഡി.

വികലാംഗർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ദേശസാൽകൃത ബാങ്കുകൾ മുഖേന വായ്പ ലഭ്യമാക്കുകയും ഇപ്രകാരം ലഭിക്കുന്ന വായ്പക്ക് 2500/- രൂപയിൽ പരിമിതപ്പെടുത്തികൊണ്ട് 40 % വരെ സബ്സിഡി നൽകുന്നു. ഇപ്രകാരം 2006-07 സാമ്പത്തിക വർഷത്തിൽ 7.30 ലക്ഷം രൂപയോളം 292 പേർക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

7. വികലാംഗരുടെ സ്വാശ്രയ സംഘങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി.

സംസ്ഥാനത്തെ വിവിധ പൊതുമേഖലാ/സർക്കാർ സ്ഥാപനങ്ങളിലേയും, പ്രിന്റിംഗ്, ബുക്ക് ബയൻറിംഗ്, ഫർണിച്ചർ റിപ്പയർ തുടങ്ങിയ ജോലികൾ കോർപ്പറേഷൻ ഏറ്റെടുത്ത് വികലാംഗരുടെ സഹകരണ/സ്വാശ്രയ സംഘങ്ങൾ മുഖേന ചെയ്യിച്ച് അവർക്ക് തൊഴിൽ അവസരമുണ്ടാക്കി കൊടുക്കുന്നു.

8. വൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷയിൽ പങ്കെടുക്കുന്നതിന് സഹായം.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം എല്ലാ ജില്ലകളിലും പബ്ലിക് സർവ്വീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന വികലാംഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം സംഘടിപ്പിച്ചു വരുന്നു. ഈ പദ്ധതി പ്രകാരം 2006-07 സാമ്പത്തിക വർഷത്തിൽ 25,109/- രൂപയോളം ചെലവാക്കിയിട്ടുണ്ട്.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238 | 13.09.2007 ൽ മറുപടിക്ക് |

<u>സ്വകാര്യ ആശുപത്രികൾക്ക് നിയന്ത്രണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് മേഴ്സിയർ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്വകാര്യ ആശുപത്രികളിൽ രോഗികളിൽ നിന്നും ഈടാക്കിവരുന്ന ഫീസിനു എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ ; | (എ) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾക്ക് നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശമുണ്ടോ ; | | (ബി)യും (സി) യും |
| (സി) | എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | | തൊഴിൽ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.239 — 13.09.2007-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്ഥാപനങ്ങൾ മുഖേന വിവിധ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ്.എം. പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>ധനകാര്യ വകുപ്പ് മന്ത്രി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രിക്ക് വേണ്ടി ) |
| (എ) വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി ആഭ്യന്തര ഉപഭോഗത്തിനാവശ്യമായ പഴം, പച്ചക്കറി, പാൽ എന്നിവ തദ്ദേശീയമായി ഉല്പാദിപ്പിക്കുവാൻ ഉതകുന്ന തരത്തിലുള്ള പദ്ധതി നടപ്പിലാക്കുവാൻ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുമോ ; | (എ) 14.05.2007-ലെ സ.ഉ.(എം.എസ്) 128/07/തസ്വഭവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സംയോജിത നീർത്തട പരിപാലനം, സാമൂഹ്യ വനപരിപാലനം എന്നീ പ്രക്രിയകളിലൂടെ ശാസ്ത്രീയ പ്രകൃതി വിഭവ പരിപാലനം സാധ്യമാക്കി കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിന് പ്രത്യേക പരിഗണന നൽകണമെന്നും ഒരോ കൃഷി ഭൂമിയെയും അടിസ്ഥാന യൂണിറ്റായികണ്ട് അതിനുള്ള പദ്ധതികൾ തയ്യാറാക്കി അവയെ ഒരു സ്വാഭാവിക മേഖലയുടെ സമ്പൂർണ്ണ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംയോജിപ്പിച്ചു കൊണ്ട് പാരിസ്ഥിതിക സന്തുലനത്തിന് ഊന്നൽ നൽകുന്നതിനും വൈവിധ്യമാർന്ന പരമ്പരാഗത പറമ്പ്കൃഷി വീണ്ടെടുക്കുവാൻ ശ്രമിക്കുന്നതോടൊപ്പം കർഷകരുടെ കൂട്ടായ്മ പ്രോത്സാഹിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് |

— — — —

| | | | |
|---|---|---|---|
| (ബി) | അടുക്കളത്തോട്ട നിർമ്മാണം, കന്നുകാലി പരിപാലനം, ഔഷധച്ചെടി വളർത്തൽ എന്നിവയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ധനസഹായവും സാങ്കേതിക സഹായവും ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ ; | (ബി) | 24.07.2007 -ലെ സ.ഉ.(എം.എസ്) 183/07/തസ്വഭവ പ്രകാരം സാമ്പത്തിക സഹായം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപ്രദേശങ്ങളിൽ പൊതുവിഭാഗം വികസന ഫണ്ടിന്റെ കുറഞ്ഞത് 40 ശതമാനമെങ്കിലും ഉൽപ്പാദന മേഖലയ്ക്ക് വകയിരുത്തേണ്ടതാണ്. |
| (സി) | വനിതാ ശാക്തീകരണം മുൻനിർത്തി, ഗ്രാമീണ വനിതകൾക്കായി സ്വയംതൊഴിൽ പദ്ധതികൾക്കു രൂപം നൽകി നടപ്പിലാക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾ മുൻകൈ എടുക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആകെ പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് പത്ത് ശതമാനം തുകയെങ്കിലും വനിതകൾക്ക് പ്രയോജനപ്പെടുത്തുന്നതും അവരുടെ ശാക്തീകരണത്തിന് ഉതകുന്നതുമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. ഇതിൽ കൂടുതൽ തുക വനിതകൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മുൻകൈ എടുക്കാവുന്നതാണ്. കുടുംബശ്രീ വഴി വനിതകൾക്കായി വിവിധ സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 240 | 13/9/2007 -ൽ മറുപടിക്ക് |
| --- | --- |

## രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പള്ളിപ്രം ബാലൻ<br>" മാങ്കോട് രാധാകൃഷ്ണൻ<br>" വി.എസ്.സുനിൽ കുമാർ<br>" രാജാജി മാത്യു തോമസ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>പൊതുജനാരോഗ്യ സംവിധാനത്തിന്റെ ഭാഗമായും ദേശീയ രോഗ നിവാരണ/ നിയന്ത്രണ പരിപാടികളുടെ ഭാഗമായും കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളുമനുസരിച്ചുള്ള സംവിധാനങ്ങളാണ് നിലവിലുള്ളത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഴി പഞ്ചായത്ത് തലത്തിലും ആരോഗ്യ ഉപകേന്ദ്രങ്ങൾവഴി വാർഡ് തലത്തിലുമുള്ള രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ, ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ജോലി നോക്കിവരുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ പഞ്ചായത്ത്/വാർഡ് തലത്തിലുള്ള രോഗ പ്രതിരോധപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു.<br><br>ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും പ്രതിരോധകുത്തിവയ്പ്, മലമ്പനി കണ്ടെത്തുന്നതിനുള്ള മലേറിയ ടെസ്റ്റ്, കൊതുകുജന്യ രോഗങ്ങൾ തടയുന്നതിന് കൊതുകു നശീകരണ പ്രവർത്തനങ്ങൾ, ജലജന്യ രോഗങ്ങൾ തടയുന്നതിന് കുടിവെള്ള സ്രോതസ്സുകളിലും കിണറുകളിലും ക്ലോറിനേഷൻ നടത്തൽ, വയറിളക്ക രോഗത്തിനുള്ള പാനീയ ചികിത്സയെക്കുറിച്ചുള്ള ബോധവൽക്കരണം, |

പോഷകാഹാര വിദ്യാഭ്യാസം, സാംക്രമിക രോഗ നിയന്ത്രണ കാര്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ഡിസീസ് സർവയലൻസ് പരിപാടിയുടെ ഭാഗമായി വിവിധ വിഭാഗം രോഗങ്ങളുണ്ടാകുന്നവരുടെ കണക്കുകൾ റിപ്പോർട്ട് ചെയ്ത് പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് നേരത്തെ കണ്ടെത്തുന്ന പ്രവർത്തനം എന്നീ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ പ്രവർത്തകർ ചെയ്തുവരുന്നു.

സംസ്ഥാനതലത്തിലും, ജില്ല, ബ്ളോക്ക്, പഞ്ചായത്ത് തലത്തിൽ പൊതുജനാരോഗ്യ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റ് ഡിപ്പാർട്ട്മെൻറുകളുടെയും ഏജൻസികളുടെയും സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന ഇൻറർ സെക്ടറൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ കൂടി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

കൂടാതെ ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻെറ ഭാഗമായി ഓരോ വർഷത്തിലും വില്ലേജ്തല ഹെൽത്ത് ആൻറ് സാനിറ്റേഷൻ കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനാരോഗ്യ പ്രവർത്തനങ്ങളും രോഗ പ്രതിരോധ പ്രവർത്തനങ്ങളും കൂടുതൽ ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു.

(സി) കാലാകാലങ്ങളിലുണ്ടാകുന്ന പകർച്ച പനികളെ യഥാസമയം പ്രതിരോധിക്കുവാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സി) ഇല്ല

സെക്ഷൻ ഓഫിസർ.